III അടിയന്തിര പ്രമേയം

(1) സ്കൂൾ വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോയി മാനഭംഗപ്പെടുത്തിയത് സംബന്ധിച്ച്

മിസ്റ്റർ സ്പീക്കർ : മൂന്നാർ സൂര്യനെല്ലിയിൽ ലിറ്റിൽഫ്ളവർ സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോയി നാൽപ്പതിലധികംപേർ വിവിധ കേന്ദ്രങ്ങളിൽ വച്ച് മാനഭംഗപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്ത സംഭവത്തിൽ പ്രതികൾക്കെതിരെ പോലീസ് നടപടി എടുക്കാതിരിക്കുന്നതിനെത്തുടർന്ന് പ്രസ്തുത പ്രദേശങ്ങളിൽ നിലനിൽക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി 50-ാം ചട്ടപ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി എൻ.കെ. രാധ, ശ്രീ. ടി. നാണുമാസ്റ്റർ, ശ്രീ. വി.സി. കബീർ, ഡോക്ടർ കെ.സി. ജോസഫ്, ശ്രീ. കെ.ഇ. ഇസ്മയിൽ, ശ്രീ. കെ. കൃഷ്ണൻകുട്ടി എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) : സർ, ഇന്നത്തെ അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന തികച്ചും പൈശാചികമായ, മനുഷ്യത്വ രഹിതമായ ഒരു കാടൻ നടപടി കേരളക്കരയിൻ നടന്നു എന്നതിൽ ഞാൻ ലജ്ജാഭാരംകൊണ്ട് തലകുനിക്കുകയാണ്. ഈ കേസ്സിൽ ഉൾപ്പെട്ടിരിക്കുന്നവർ ആരെന്നു നോക്കാതെ അവർക്കെതിരായി ഏറ്റവും മാതൃകാപരമായ നടപടികൾ കൈക്കൊള്ളാൻ ഗവൺമെന്റ് പോലീസിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇതിനകം പോലീസിന്റെ അന്വേഷണത്തിൽ 26 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. അതിൽ ആറ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്. കോട്ടയത്തെ അഭിഭാഷകരായ ധർമ്മരാജൻ, കോട്ടയം ചിറക്കടവ് ജമാൽ, ചിങ്ങവനം വെള്ളാത്തുരുത്തി റെജി, പാലാ കുറിച്ചിയിൽ വീട്ടിൽ ചെറിയാൻ, ചിറക്കടവ് വടക്കേക്കര വീട്ടിൽ ഉണ്ണികൃഷ്ണൻ നായർ, രാജഗോപാലൻ നായർ ഇങ്ങനെ ആറുപേരെ ഇതിനകം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ അഞ്ചുപേരെ 22-3-1996 വരെ റിമാൻഡ് ചെയ്തു. തിരിച്ചറിഞ്ഞ മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. പിടികിട്ടാനുള്ള തിരിച്ചറിഞ്ഞ പ്രതികൾ താഴെപ്പറയുന്നവരാണ്. രാജു, അഡ്വക്കേറ്റ് ജോസ് നെടുംതകിടിയിൽ, ശ്രീകുമാർ, പൊൻകുന്നം സ്വദേശിനി ഉഷ, ഉഷയുടെ ഭർത്താവായി കഴിയുന്ന മോഹനൻ, രാജേന്ദ്രൻ, അജി, അലി, യൂസഫ്, ദാവൂദ്, സതീശൻ, തുളസി, ജേക്കബ് സ്റ്റീഫൻ, അഷ്റഫ്, ശങ്കർ, സാബു, ബേബിച്ചൻ, ജിജി, വിജയകുമാർ, ബേബി ഇങ്ങനെ 20 പേരെക്കൂടി തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ 20 പേർ എവിടെ ഒളിച്ചാലും കൊള്ളാം എല്ലാ തരത്തിലുള്ള അന്വേഷണവും നടത്തി ഗവൺമെന്റിന്റെ സകല സ്വാധീനവും ഉപയോഗിച്ചുകൊണ്ട് അവരെ എത്രയും വേഗം അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. മാത്രമല്ല, ഇതുപോലുള്ള കാടൻ നടപടികൾ കേരളക്കരയിൽ ആവർത്തിക്കാതിരിക്കുന്നതിനുവേണ്ടി ഇതുപോലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് എന്ത് കടുത്ത ശിക്ഷ നൽകേണ്ടിവന്നാലും നൽകാൻ മടിക്കില്ലെന്ന് ഞാൻ സഭയ്ക്ക് ഉറപ്പ് തരാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം സഭയിൽ ഇതുപോലുള്ള മർമ്മഭേദകമായി

LIBRARY ARCHIVES Kerala Legislative Assembly

ക്രൂരമായ ചില സ്ത്രീ പീഡനങ്ങളെക്കുറിച്ചുള്ള സംഭവകഥകം പ്രൊഫസർ മീനാക്ഷി തമ്പാൻ വളരെ ഹൃദയസ്പർശിയായി അവതരിപ്പിക്കുകയുണ്ടായി. അത് കേട്ടമാത്രയിൽതന്നെ ഞാൻ പറഞ്ഞു, ഇത്തരം നടപടികളിലേർപ്പെടുന്നവർക്കെതിരായി, നമ്മുടെ സഹോദരിമാരുടെ ചാരിത്രശുദ്ധി ചോദ്യം ചെയ്യുന്നവർക്കെതിരായി, അവരെ പീഡിപ്പിക്കുന്നവർക്കെതിരായി അവർ സമൂഹത്തിലെ എത്ര പ്രമാണിമാരായാലും അവർക്ക് രാഷ്ട്രീയബന്ധം ഉണ്ടെങ്കിലും സാമുദായികബന്ധമുണ്ടെങ്കിലും സാമ്പത്തിക ശക്തിയുണ്ടെങ്കിലും അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമെന്ന് ഞാൻ പാഞ്ഞു. അങ്ങനെ പറഞ്ഞിട്ട് നിയമസഭയിൽനിന്നുപോയി സെക്രട്ടേറിയറ്റിൽവന്നശേഷം ഞാൻ ആഭ്യന്തരവകുപ്പിന് ഒരു ഉത്തരവ് നൽകുകയുണ്ടായി.

12-3-1996-ൽ മുഖ്യമന്ത്രി എന്ന നിലയിൽ ആഭ്യന്തര വകുപ്പിന് നൽകിയ ഉത്തരവ് ഞാൻ വായിക്കുകയാണ്. മുഖ്യമന്ത്രി എന്ന നിലയിൽ ഇത്രയും ശക്തമായ ഭാഷയിൽ ഞാൻ ഇതുവരെ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

It is the Government's Policy that crimes against women should be ruthlessly and deterrently dealt with. Police and all other agencies entrusted with the implementation of this policy has to be constantly alert in preventing such crimes and when that happen inspite of that alertness deals with the culprit without any delay or mercy. Special units of police force have to be deployed wherever necessary. Senior Police Officers will be held responsible, will be held personally accountable if it is found that in their jurisdiction crime against women are not affectively controlled. Home Department should get a special monthly report from the D.G.P. and put up to me.

12-ാം തീയതി പ്രൊഫ.മീനാക്ഷി തമ്പാന്റെ സബ്മിഷനുശേഷം ഓരോ പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേഖലയിലും സ്ത്രീകൾക്ക് എതിരായി ആക്രമണം ഉണ്ടായാൽ, സ്ത്രീ പീഡനം ഉണ്ടായാൽ ആ ഉദ്യോഗസ്ഥൻമാർതന്നെ വ്യക്തിപരമായി നടപടിക്ക് വിധേയരാകുമെന്ന് ഞാൻ പോലീസിന് ഡയറക്ഷൻ കൊടുത്തിരിക്കുകയാണ്. സ്ത്രീകൾക്ക് എതിരായി, നമ്മുടെ സഹോദരിമാർക്ക് എതിരായി അവരെ മാനഭംഗപ്പെടുത്താൻ ശ്രമിക്കുന്നവർ ആരായാലും റൂത്ത്‌ലെസ്സായി, മേഴ്സിലെസ്സായി അവരെ കൈകാര്യം ചെയ്യുന്നതിനായി ഞാൻ പോലീസിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം കേസുകളിൽ ഏർപ്പെടുന്നവർ ആരായാലും രാഷ്ട്രീയം നോക്കാതെ, സമുദായം നോക്കാതെ, സാമ്പത്തിക സ്ഥിതി നോക്കാതെ അവർക്കെതിരായി ഈ കേരളക്കരയിൽ മാതൃകാപരമായ നടപടി എടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ അത്തരം കുറ്റകൃത്യത്തിൽ ഏർപ്പെടുന്നവർ എവിടെ ഓടി ഒളിച്ചാലും അവരെ പിടികൂടും. അവരെ മാതൃകാപരമായി നിയമത്തിന്റെ മുമ്പിൽ ഹാജരാക്കും. അവർക്ക് മാതൃകാപരമായ ശിക്ഷ നൽകും എന്ന് ഞാൻ സഭയ്ക്ക് ഉറപ്പുതരാൻ ആഗ്രഹിക്കുകയാണ്. ഈ പ്രത്യേക കേസിന്റെ ഗുരുതരമായ സ്വഭാവം കണക്കിലെടുത്തുകൊണ്ട് ക്രൈംബ്രാഞ്ചിന് വിടുവാനും ക്രൈം ബ്രാഞ്ചിന്റെ ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചുകൊണ്ട് ഈ കേസന്വേഷണം വേഗത്തിലാക്കി കുറ്റവാളികൾക്കെതിരായി നടപടി സ്വീകരിക്കാൻ ഞാൻ പോലീസിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്നാണ് എന്റെ വിശ്വാസം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ.കെ.രാധ : സർ, മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതും നിന്ദ്യവുമായ ഒരു സംഭവമാണ് മാസങ്ങൾക്കുമുമ്പ് ഇടുക്കി ജില്ലയിലെ മൂന്നാറിൽ നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. കുറ്റവാളികൾ ആരായിരുന്നാലും എത്ര ഉയർന്നവരായാലും ശരി അവർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കുമെന്ന്. എന്നാൽ ആറ് ആളുകളെയാണ് ഇപ്പോൾ അറസ്റ്റ് ചെയ്തിരിക്കുന്നത്. ഇത് മാസങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവമാണ്. ഇതിനെ സംബന്ധിച്ചും അതുപോലെതന്നെ സ്ത്രീകൾക്ക് നേരെ നടക്കുന്ന അക്രമങ്ങളെ സംബന്ധിച്ചും പീഡനങ്ങളെ സംബന്ധിച്ചും ഈ സഭയ്ക്കകത്ത് വളരെ ശക്തമായ രൂപത്തിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നിട്ട് നമ്മുടെ സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്ന ഒരു അനുഭവമാണ് ബഹുമാനപ്പെട്ട ആദർശധീരനായിരിക്കുന്ന മുഖ്യമന്ത്രി നമ്മുടെ കേരളം ഭരിക്കുന്ന സമയത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത് ഞങ്ങൾ പറയുന്നതല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നിട്ടുള്ള കണക്കുകളിൽ നിന്ന് വ്യക്തമാകുന്ന കാര്യങ്ങളാണ്. അതിലേക്ക് പിന്നെ കടക്കാം

മൂന്നാറിലെ സൂര്യനെല്ലിയിൽ, നല്ലതണ്ണി ലിറ്റിൽ ഫ്ളവർ ഗേൾസ് ഹൈസ്ക്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥിനി രഞ്ജിതയാണ് ഈ ക്രൂരകൃത്യത്തിന് വിധേയയായിരിക്കുന്നത്. മണിയുടെയും ഈത്തമ്മയുടെയും മകളായ രഞ്ജിതയ്ക്ക് കേവലം 15 വയസ് മാത്രമേ പ്രായമായിട്ടുള്ളൂ. സ്കൂൾ വിട്ട് വീട്ടിലേക്ക് പോവുകയായിരുന്ന സമയത്ത് ഈ കുട്ടിയെ പ്ലാൻ ചെയ്തതനുസരിച്ച് മുകുടം സ്വദേശി രാജുവും, ഉഷ എന്ന സ്ത്രീയും ചേർന്നാണ് കെണിയിൽപ്പെടുത്തിയത്. ആദ്യമായി ഈ പെൺകുട്ടി ഇരയാവുന്നത് ധർമ്മരാജൻ എന്നുപറയുന്ന വക്കീലിന്റെ കെണിയിലാണ്. അഭിഭാഷകനായ ഒരാളാണ് ഇത്തരം ഹീനകൃത്യത്തിന് ഈ കുട്ടിയെ വിധേയമാക്കിയത്. വീട്ടിൽ കൊണ്ടുവിടാമെന്ന് പറഞ്ഞ് പ്രലോഭിപ്പിച്ചാണ് ഈ പെൺകുട്ടിയെ ലോഡ്ജ് മുറിയിലേക്ക് കൊണ്ടുപോയത്. അങ്ങനെ കാറിൽ കയറ്റി മുറിയിലേക്ക് കൊണ്ടുപോയി മൃഗീയമായി ബലാൽസംഗം ചെയ്തു. വീട്ടിലേക്ക് പോകണമെന്ന് ആ പെൺകുട്ടി നിലനിളിച്ചപ്പോൾ ക്രൂരമായി മർദ്ദിക്കുകയാണ് ചെയ്തത്. അതിന് ശേഷം 16 ദിവസത്തോളം ഈ പെൺകുട്ടിയെ പല സ്ഥലങ്ങളിലേക്ക് കൊണ്ടുപോയി ചരക്ക് കൈമാറുന്ന രൂപത്തിലാണ് കശ്മലൻമാർ ആളുകൾക്ക് കൈമാറിയിരുന്നത്. ഈ പെൺകുട്ടിക്ക് ഒരു ദിവസത്തേക്ക് ഇവർ 3,000 രൂപയാണ് ആളുകളിൽ നിന്ന് ഈടാക്കിയിരുന്നത്. സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരളത്തിലാണ് ഇത്തരത്തിലുള്ള ക്രൂരമായിട്ടുള്ള സംഭവം നടന്നത്. ഈ സംഭവങ്ങൾ വിവരിക്കാൻ ഞാൻ അശക്തയാണ്. ഇന്നുവരെ കേരള സംസ്ഥാനത്ത് കേട്ടുകേഴ്വിപോലും ഇല്ലാത്ത അതി ക്രൂരവും നിന്ദ്യവുമായിട്ടുള്ള ഒരു സംഭവമാണ് കുമിളിയിൽ നടന്നിട്ടുള്ളത്. 16 കേന്ദ്രങ്ങളിലായി നാൽപതോളം പേർ ആണ് ഈ കുട്ടിയുടെ ചാരിത്ര്യം കവർന്നെടുത്തിട്ടുള്ളത്. മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന ഒരു സംഭവമാണിത്. രാജു, ഉഷ, അഡ്വക്കേറ്റ് ധർമ്മരാജ്, ജമാൽ, പനച്ചിക്കോട് വെല്ലുതുരുത്തിയിൽ റജി, കുമിളിയിൽ ഗസ്റ്റ് ഹൗസ് നടത്തുന്ന പെരിയാച്ചൻ, ചിറക്കടവിൽ ഉണ്ണികൃഷ്ണൻ, കേരള കോൺഗ്രസ് നേതാവ് അഡ്വക്കേറ്റ് ജോസ്, കോട്ടയം കോൺഗ്രസ് നേതാവ് സ്റ്റീഫൻ, ഡി.സി.സി. യുടെ സെക്രട്ടറി മാത്രമല്ല കോൺഗ്രസ് (എ) യുടെ നേതാവും കൂടിയായ സ്റ്റീഫനെ ഇതുവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതിൽ നിന്നും മനസിലാക്കാൻ കഴിഞ്ഞത്. റിട്ടയേർഡ് എസ്. ഐ. യുടെ മകനും പോലീസുകാരനുമായ ശ്രീകുമാർ, റെയിൽവേ ഉദ്യോഗസ്ഥൻ രാജേന്ദ്രൻ, മൂവാറ്റുപുഴക്കാരായ അജി, യൂസഫ്, അലി, ദാവൂദ്, പൊൻകുന്നം സ്വദേശി സതീശൻ, പഞ്ചായത്ത് ഉദ്യോഗസ്ഥൻ തുളസി, മോഹനൻ എന്നിവർ ഈ സംഘത്തിലെ ചിലർ മാത്രമാണ്. സ്റ്റീഫൻ കോട്ടയം ഡി.സി.സി. സെക്രട്ടറിയും 'എ' ഗ്രൂപ്പ് നേതാവും കൂടിയാണ്. ഇതിലൊന്നും വലിയ അത്ഭുതം ഉണ്ടെന്ന് തോന്നുന്നില്ല. തന്തൂരി മോഡൽ കോൺഗ്രസ് ആണ് ഇൻഡ്യാ രാജ്യത്ത് ഉള്ളത്. ഇത്രയും സംസ്കാരസമ്പന്നമായിരിക്കുന്ന കേരള സംസ്ഥാനത്ത് ഈ സ്ഥിതി വന്നുകഴിഞ്ഞിരിക്കുന്നുവെന്നാണ് എനിക്ക് പറയുവാനുള്ളത്. ആ കുട്ടിയെ കാണ്മാതായ ഉടനെ പോലീസിൽ പരാതി നൽകിയെങ്കിലും പോലീസ് ഒരു നടപടിയും സ്വീകരിച്ചില്ല എന്നതാണ് വസ്തുത. വളരെ ചുരുങ്ങിയ ദിവസംകൊണ്ടാണ് ഈ ആറുപേരെ കസ്റ്റഡിയിലെടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുള്ളത്. രണ്ട് മാസത്തോളം ഈ കേസ് വച്ച് താമസിപ്പിക്കുകയും കുട്ടിയുടെ ഭാവിയെ ഓർത്ത് കേസിനു പോകരുതെന്ന് പോലീസ് ഉദ്യോഗസ്ഥൻമാർ അവരുടെ മാതാപിതാക്കളെ പറഞ്ഞ് ധരിപ്പിക്കുകയും ചെയ്തു. കേരളത്തിലെ കുപ്രസിദ്ധമായ പെൺവാണിഭസംഘത്തിന് ഉന്നതങ്ങളിൽ സ്വാധീനമുണ്ട്. ഇവിടെ ഇവർ ഒരു റാക്കറ്റായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രൊഫസർ മീനാക്ഷി തമ്പാൻ അക്കാര്യം ഇവിടെ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ പെൺവാണിഭസംഘം കേരള സംസ്ഥാനത്തെ ഒരു റാക്കറ്റാക്കി മാറ്റിക്കഴിഞ്ഞിരിക്കയാണ്. അതുപോലെതന്നെ, നമ്മുടെ പെൺകുട്ടികളെ ഉപയോഗിച്ചുകൊണ്ട് ഇന്ന് നീലച്ചിത്രങ്ങൾ പല പ്രദേശങ്ങളിലും എടുത്തുകൊണ്ടിരിക്കുകയാണ്. ഇത് എന്തുകൊണ്ടാണ് നടക്കുന്നത്. ഉന്നതന്മാരായ ആളുകളാണ് ഇതിൽ ഇടപെടുന്നത്. അതുപോലെതന്നെ ഭരണകക്ഷിയിൽ സ്വാധീനമുള്ളവർ ഇവരൊക്കെ ഇതിന്റെ ഭാഗമാകുന്നതുകൊണ്ടാണ് നടപടി എടുക്കാൻ സാധിക്കാത്തത്. ധർമ്മരാജ് എന്ന അഡ്വക്കേറ്റ് പഴക്കട കിട്ടാൻ വേണ്ടിയാണ് ഈ പെൺകുട്ടിയെ കാഴ്ചവച്ചത് എന്നത് ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്നതാണ്. അതിലേക്ക് ഞാൻ കടക്കുന്നില്ല. കേരളത്തിൽ മാത്രമല്ല തമിഴ് നാട്ടിലും മറ്റ് പല പ്രദേശങ്ങളിലും ഈ കുട്ടിയെ കൊണ്ടുപോയി ക്രൂരമായ വിധത്തിൽ ബലാൽസംഗം ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ആ കുട്ടിയുടെ ചികിൽസയ്ക്കുവേണ്ടി ഒരു ലക്ഷം രൂപയോളം ചെലവാക്കേണ്ടി വന്നു. ഈ പെൺവാണിഭസംഘത്തിലെ കണ്ണികൾ ആരെല്ലാമെന്ന് അറിയുമ്പോൾ നമ്മെ ഞെട്ടിപ്പിക്കുന്ന സാംസ്കാരിക സമ്പന്നതയുടെ സ്ഥിതി എവിടെ എത്തിയെന്ന് മനസിലാക്കാൻ സാധിക്കും.

സർ, സി.എം.എസ്. കോളേജിലെ അദ്ധ്യാപകൻ, ജില്ലയിലെ കോൺഗ്രസ് നേതാക്കൾ, പഞ്ചായത്ത് പ്രസിഡൻറ്, അഭിഭാഷകർ, അങ്ങനെ പോകുന്നു പ്രമുഖരുടെ ലിസ്റ്റ്. ഒറ്റയ്ക്കും കൂട്ടായും വളരെ ക്രൂരമായ വിധത്തിലാണ് ഈ പെൺകുട്ടി ഇതിന് ഇരയാകേണ്ടി വന്നിട്ടുള്ളത്. ഈ കേസിലെ പ്രമുഖരെ രക്ഷിക്കാൻവേണ്ടി ഉന്നതരായ പോലീസ് ഉദ്യോഗസ്ഥൻമാർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാനം നിലനിറുത്തേണ്ട നിയമപാലകൻമാരായിരുന്ന പോലീസുകാർ ഇത്തരം സംഭവങ്ങളിലുണ്ടായിരിക്കുന്നുവെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ഈ ഉദ്യോഗസ്ഥൻമാർ ഇതിന് എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിലുമുള്ള സംരക്ഷണങ്ങളും നൽകിക്കൊണ്ടിരിക്കയാണ്. അതുകൊണ്ട് ഇതുപോലുള്ള പ്രതികളെ പിടിക്കാൻ കഴിയാത്തതും പ്രതികളെ രക്ഷപ്പെടുത്തിക്കൊണ്ടിരിക്കുന്നതും, നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ത്രീകളുടെ കണ്ണിലൊപ്പാനാണെന്ന് പറഞ്ഞുകൊണ്ട് പായയ നിരോധനം കൊണ്ടുവന്നിരിക്കയാണ്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് അതിന് നാട്ടിൽ പ്രചാരവേലകളും മറ്റും നടത്തിക്കൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ കണ്ണിലൊപ്പാനാണെന്ന് പായുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരിക്കുന്ന നമ്മുടെ കേരളത്തിൽ ഇന്ന് സ്ത്രീകളുടെ ചാരിത്ര്യത്തിന് രക്ഷയില്ലാതെ വന്നിരിക്കയാണ്. അതുകൊണ്ട് ഈ പ്രശ്നം വളരെ സീരിയസായിട്ട് എടുക്കേണ്ടതുണ്ട്. എത്ര ഉന്നതൻമാരായിരുന്നാലും ആരും രക്ഷപ്പെടാൻ പോകുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. ഇങ്ങനെയുള്ള ആളുകളെ സംരക്ഷിക്കുന്ന സ്ഥാപനമാണുള്ളത്. അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്നും നിയമസഭാ നടപടികൾ നിർത്തിവച്ച് ഈ പ്രശ്നം ചർച്ചചെയ്യുമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ഇ.എം. അഗസ്തി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചിന്നക്കനാൽ പഞ്ചായത്തിലെ മലയാളം പ്ലാന്റേഷനിലുള്ള അപ്പർ സൂര്യനെല്ലി എസ്റ്റേറ്റിൽ നേഴ്സായി ജോലി ചെയ്യുന്ന ഖുത്തമ്മ മാർക്കോസിനെയും..... .....(ബഹളം).....

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഒരു പോയിന്റ് ഓഫ് ആർഡർ. നമുക്ക് ഇതിൽ ഒരു പ്രൊസീഡ്യുവർ ഉണ്ടാകണം. അടിയന്തിര പ്രമേയം ഉണ്ടെന്ന് അഡ്മിറ്റ് ചെയ്തുകൊണ്ടാണ് അങ്ങ് ഇവിടെ പ്രസ്താവന നടത്തിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ ടെക്സ്റ്റ് ഇവിടെ പറഞ്ഞു, അടിയന്തിര പ്രമേയവും ഇവിടെ അവതരിപ്പിക്കപ്പെട്ടു : ഇനി ഉള്ള ഐറ്റം മുഖ്യമന്ത്രിയുടെ വിശദീകരണമാണ്. ഇതെല്ലാം കഴിഞ്ഞതിനു ശേഷമല്ലാതെ അതിനിടയിൽ കയറി മറ്റുള്ളവർ സംസാരിക്കുന്നത് ശരിയാണോ ? എന്നാൽ ചർച്ച അനുവദിക്കണം. ചർച്ചയിൽ ഞാൻ ആദ്യം പങ്കെടുക്കാൻ ആഗ്രഹിക്കുന്നു..... ....(ബഹളം).....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറിനു മറുപടി പറയട്ടെ. ..... (ബഹളം).....

ശ്രീ. വി.എസ്. അച്യുതാനന്ദൻ : സർ, ഇതൊരു അടിയന്തിര പ്രമേയമാണ്. അങ്ങ് നന്നായി മനസിലാക്കണം. അടിയന്തിര പ്രമേയത്തെ സംബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ വിശദീകരണം എന്താണെന്നറിഞ്ഞതിനു ശേഷം സഭാനടപടികൾ നിശ്ചയിക്കും. ചർച്ച ചെയ്യണമെങ്കിൽ അങ്ങും സഭാനേതാവും തയ്യാറാകുന്നതെങ്കിൽ അതിന്റെ ഭാഗമായിട്ട് മറ്റ് ആളുകൾ സംസാരിക്കുന്നത് മനസിലാക്കാൻ കഴിയും. ഇത് സബ്മിഷനല്ല. അടിയന്തിരപ്രമേയമാണ്. അതിന്റെ ഗൗരവത്തോടുകൂടി ഈ പ്രശ്നം കൈകാര്യം ചെയ്യണം.....(ബഹളം).....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ പറഞ്ഞതിനു റൂളിംഗ് കൊടുക്കണ്ടേ ? ഇവിടെയുള്ള നടപടിക്രമം അനുസരിച്ച് അടിയന്തിര പ്രമേയം കൊണ്ടുവന്നാൽ ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മെമ്പർക്ക് അതിനെപ്പറ്റി ഒരു വാചകം പറയാൻ അവസരം കൊടുത്തശേഷം പ്രീസീഡിംഗ് ഇവിടെയുണ്ട്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറയാനുള്ളത് പറയട്ടെ. ഇവിടെ അംഗങ്ങളും, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഓരോ കാര്യം പറഞ്ഞിട്ട് അതിനെപ്പറ്റിയുള്ള ചെയറിന്റെ റൂളിംഗ് കേൾക്കാതെ എല്ലാവരുംകൂടി ഒരുമിച്ച് എഴുന്നേറ്റ് നിന്ന് ബഹളമുണ്ടാക്കുന്നത് നല്ലൊരു സമീപനമല്ല .....
.....ബഹളം..... ..
ഒരു പോയിന്റ് ഓഫ് ഓർഡർ ഇപ്പോഴും ഉന്നയിച്ചു. അതിന്റെ റൂളിംഗ് കഴിയട്ടെ. എല്ലാവരും വിദഗ്ധൻമാരായാലോ ? ഇവിടെ ശ്രീ ശിവദാസമേനോൻ പറഞ്ഞ പോയിന്റ് ഓഫ് ഓർഡറിന്റെ റൂളിംഗാണ് നൽകുന്നത്. ഇവിടെ ഇന്നുവരെയുള്ള നടപടി ക്രമങ്ങളും അനുസരിച്ച് ഏതെങ്കിലും ഒരു പ്രധാനപ്പെട്ട വിഷയത്തിൽ അടിയന്തിര പ്രമേയം കൊണ്ടുവന്നാൽ ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന മെമ്പർക്ക് അവസരം കൊടുക്കും. .....(ബഹളം)... .....

ശ്രീ. വി.എസ്. അച്യുതാനന്ദൻ : സർ, ശ്രീ. അഗസ്തിയുടെ നിയോജകമണ്ഡലമല്ല അത്. രണ്ടാമത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതിനുശേഷമല്ലേ നിയോജക മണ്ഡലക്കാരൻ പറയേണ്ടത് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുന്നേൽക്കുന്നതിനുമുമ്പ് തന്നെ ബഹുമാനപ്പെട്ട മെമ്പർ എഴുന്നേറ്റത് ശരിയാണോ ? അത് അദ്ദേഹത്തിന് അനുവദിക്കാമോ ? അത് ശ്രീ. അഗസ്തിയുടെ നിയോജക മണ്ഡലമല്ല. ഔചിത്യം വേണ്ടേ ? നിയോജക മണ്ഡലത്തെ ബാധിക്കുന്ന പ്രശ്നമാണോയിത്.

മി. സ്പീക്കർ : ഒരു കാര്യം എനിക്ക് പറയാനുള്ളത്, ഇത്രയും ലജ്ജാകരമായ ഈ സംഭവത്തിൽ, മനുഷ്യ മനഃസാക്ഷിയെ ചോദ്യം ചെയ്യുന്ന ഈ സംഭവത്തിൽ, നമ്മുടെ, അസഹിഷ്ണുതകൊണ്ട് ഇതിന്റെ ഗൗരവം കുറയ്ക്കാൻ ഇരുഭാഗത്തുനിന്നുമുള്ള അംഗങ്ങൾ ശ്രമിക്കരുത്. ഇവിടെ ഇതേ സംഭവത്തെക്കുറിച്ച് മി. അഗസ്തിയും മി. എ.കെ മണിയും ശ്രീ. പി.ടി. തോമസും സബ്മിഷൽ തന്നിരുന്നു. അത് ഇന്നത്തേക്ക് വച്ചിരുന്നു.

ശ്രീ. പിണറായി വിജയൻ : സർ, ഇപ്പോൾ വന്നത് അടിയന്തിര പ്രമേയമായിട്ടാണല്ലോ.

മി. സ്പീക്കർ : അങ്ങ് കേൾക്കണം. അടിയന്തിര പ്രമേയം വന്നതുകൊണ്ട് മുമ്പുള്ള കീഴ്വഴക്കം അനുസരിച്ച് ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നു എന്ന് പറയുന്ന ശ്രീ അഗസ്തിക്ക് .....
..... (ബഹളം) .....
ചെയറിനെ പറയാൻ അനുവദിക്കാത്തത് നല്ല കാര്യമൊന്നുമല്ല.

ശ്രീ. പിണറായി വിജയൻ : സർ, ഇതൊരു നിയോജക മണ്ഡലത്തിലെ പ്രശ്നമല്ല .....(ബഹളം) .....

ശ്രീ. ടി. കെ. ഹംസ : സർ, ഒരു പോയ്ന്റ് ഓഫ് ഓർഡർ.
..... (ബഹളം).....

മി. സ്പീക്കർ : എല്ലാവർക്കും പോയ്ന്റ് ഓഫ് ഓർഡർ. ഒരു പോയ്ന്റ് ഓഫ് ഓർഡറിന്റെ പ്രശ്നം തീരട്ടെ.....
.....ബഹളം .....
ഇത് ഈ പ്രശ്നത്തോടുള്ള താല്പര്യത്തെക്കാളേറെ വേറെ താല്പര്യങ്ങളാണെന്ന് ജനങ്ങൾ വിചാരിക്കും. അതുകൊണ്ട് ദയവ് ചെയ്ത് ഇരുഭാഗത്തുള്ള ആളുകളും സഹിഷ്ണുത പാലിക്കണം. മി. ശിവദാസമേനോന്റെ

LIBRARY ARCHIVES Kerala Legislative Assembly

പോയിന്റ് ഓഫ് ഓർഡറിന് ചെയറിന്റെ റൂളിംഗ് പറഞ്ഞതിന് ശേഷമേ ആരെയും ചോദ്യം ചോദിക്കാൻ അനുവദിക്കൂ. ഇത് പറയാതെ പറ്റില്ല. അതുകൊണ്ട് മുൻകീഴ്വഴക്കം അനുസരിച്ച് അത് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട ച ന്നക്കനാൽ പഞ്ചായത്തിലെ മലയാളം പ്ലാന്റേഷനിലെ എന്ന് എഴുതി തന്നതുകൊണ്ട് അദ്ദേഹത്തെ പറയാൻ അനുവദിച്ചു. അദ്ദേഹം പറയട്ടെ. അതിന് ശേഷം നമുക്ക് എന്ത് വേണമെന്നുള്ളത് ആലോചിക്കാം.

ശ്രീ. ഇ. എം. അഗസ്തി : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മലയാളം പ്ലാന്റേഷന്റെ അപ്പർ സൂര്യനെല്ലി എസ്റ്റേറ്റിലെ സ റാഫ് നേഴ്സായി ജോലി ചെയ്യുന്ന ഇത്തമ്മ മാർക്കോസിന്റെയും മൂന്നാർ പോസ്റ്റു ഓഫീസിലെ പോസ്റ്റ്മാസ്റ്ററായി ജോലിചെയ്യുന്ന ശ്രീ. മാർക്കോസിന്റെയും മകളായ 15 വയസുള്ള രഞ്ജിത എന്ന പെൺകുട്ടിയെ 16-2-1996-ൽ പ്രലോഭിപ്പിച്ച് കൊണ്ടുപോയി മാനഭംഗം ചെയ്ത സംഭവത്തെക്കുറിച്ച് ബഹു. മാനപ്പെട്ട മെമ്പർ ശ്രീമതി എൻ. കെ. രാധ ഇവിടെ അടിയന്തിര പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചതും പ്രകടിപ്പിച്ചതുമായ വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. നമ്മുടെ എല്ലാവരുടെയും ഹൃദയത്തിൽ ഒരിക്കലും ഉണങ്ങാത്ത മുറിപ്പാടും വികാരവുമായി നിൽക്കുന്ന ആ സംഭവത്തിലെ കുറ്റവാളികളെ അറസ്റ്റുചെയ്യാനും നിയമപരമായ നടപടി സ്വീകരിക്കുവാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണിച്ച പ്രശംസനീയമായ നടപടിയെ ആ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധി യെന്നുള്ള നിലയിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഞാൻ ഒരു വാചകം കൂടി ഇതേക്കുറിച്ച് പറഞ്ഞുകൊള്ളട്ടെ. ഞാൻ ഇന്നലെ ആ കുട്ടിയുടെ വീട്ടിൽ പോയിരുന്നു. ഞാൻ ആ കുട്ടിയേയും ആ കുട്ടിയുടെ മാതാപിതാക്കളെയും ആ പ്രദേശത്തെ തൊഴിലാളിസുഹൃത്തുക്കളെയും കണ്ട് പ്രശ്നത്തെക്കുറിച്ച് ഗൗരവമായി സംസാരിച്ചു. ആ പ്രദേശത്തുള്ള ജനങ്ങൾ ഇതുപോലുള്ള തിൻമകളെ എതിർക്കുന്നതിന് ഇന്നാട്ടിലെ ജനങ്ങൾക്കുള്ള സാമൂഹ്യമനസാക്ഷി ഉണർന്നുപ്രവർത്തിക്കണമെന്ന കാര്യത്തിൽ ഒരുമിച്ചുനിൽക്കുന്നു എന്ന കാഴ്ചയാണ് അവിടെ കാണാൻ കഴിഞ്ഞത്. ഈ വിഷയത്തെ സംബന്ധിച്ച് ഈ സഭയിലുണ്ടായ ചേരിതിരിവുകളൊന്നും ഈ പ്രശ്നത്തിന്റെ കാര്യത്തിൽ ആ പ്രദേശത്തെ ജനങ്ങളുടെ ഇടയിൽ കാണാനില്ല. അവർ എല്ലാവരും രഞ്ജിത എന്നുപറയുന്ന 15 വയസുള്ള കുട്ടിക്കുണ്ടായ ഈ സംഭവം കേരളത്തിൽ മറെറാരുകുട്ടിക്കും ഉണ്ടാവരുത് എന്ന കാര്യത്തോട് പൂർണ്ണമായും യോജിക്കുന്നു. ഈ സംഭവവുമായി ബന്ധപ്പെട്ട് ഇവിടെ അടിയന്തിരപ്രമേയത്തിന് അനുമതി അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രശ്നം അവതരിപ്പിച്ച് സംസാരിക്കുമ്പോഴും പല പരാമർശങ്ങളും ഉണ്ടായി. ആ പരാമർശങ്ങളിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. ഒരുവാചകം കൂടി പറഞ്ഞുകൊള്ളട്ടെ. ഇവിടെ ഈ സംഭവത്തിൽ മുഖ്യപ്രതിയായി പരാമർശിക്കപ്പെട്ടിരിക്കുന്ന അതിൽ മുഖ്യപ്രതിയായിരിക്കുന്ന ശ്രീ. ധർമ്മരാജൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുമായി ബന്ധമുള്ള ആളാണ്. അയാൾ എസ്. എഫ്. ഐ. യുടെ നേതാവും തിരുവനന്തപുരം ലാ കോളേജിലെ എസ്. എഫ്. ഐ. നേതാവായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയുമാണ്. ശ്രീ. ധർമ്മരാജനെ രക്ഷിക്കുന്നതിനുവേണ്ടിയിട്ടാണ് ഈ സഭയിൽ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയും ഇടതുപക്ഷകക്ഷികളും

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയനാടകമാടുന്നത്. ഇക്കാര്യത്തെക്കുറിച്ച് പത്രങ്ങളിൽ വാർത്ത വന്നുകഴിഞ്ഞിട്ട് മൂന്നാഴ്ചകാലമായി. എന്നിട്ട് അക്കാര്യം ഇന്ന് വളരെ വൈകിയിട്ട് മാത്രമാണ് കേരളത്തിലെ പ്രതിപക്ഷം ഈ നിയമസഭയിലുന്നയിച്ചത്. ഈ കേസിലെ പ്രതികളെ രക്ഷിക്കാനുള്ള ശ്രമം ഇവിടെ ഗവൺമെൻറിന്റെ ഭാഗത്തുനിന്നല്ല, മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നല്ല ഉണ്ടായിട്ടുള്ളത്. മറിച്ച് മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഉത്തരവാദിത്വമുള്ള പ്രവർത്തകനെ രക്ഷിക്കാൻവേണ്ടി മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി ഈ സഭാവേദിയെഉപയോഗിക്കുന്നത് തെറ്റാണ്, ലജ്ജാകരമാണ് എന്ന് ഞാനിവിടെ സൂചിപ്പിക്കുന്നു. ആ നിയോജകമണ്ഡലത്തിലെ പ്രതിനിധിയെന്നനിലയിൽ ഞാൻ ഈ സംഭവം സഭയെ അറിയിക്കുന്നു. (ബഹളം) ...

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നിങ്ങളം ആ പെൺകുട്ടിയെ രക്ഷിക്കാൻ വേണ്ടിയല്ല ഈ പ്രശ്നമിവിടെ ഉന്നയിച്ചത്. ആ സംഭവത്തിലെ പ്രതി മാർക്സിസ്റ്റുപാർട്ടിക്കാരനാണെന്ന് അറിയിക്കാനാണ് കൂടുതൽ താല്പര്യം കാണിച്ചിട്ടുള്ളത്. ഇവിടെയിപ്പോളം വിളിച്ചുകൂവുന്നത് മാർക്സിസ്റ്റു പാർട്ടിക്കാരനാണ് ഈ സംഭവത്തിലെ കുറ്റവാളിയെന്നാണ്. ഞങ്ങളം ഇക്കാര്യത്തിൽ നിങ്ങളെ വെല്ലുവിളിക്കുകയാണ്, നിങ്ങൾക്ക് അയാളം മാർക്സിസ്റ്റുകാരനാണെന്ന് തെളിയിക്കാൻ പറ്റുമോയെന്ന് ? നിങ്ങൾക്കതിന് ധൈര്യമുണ്ടോ ; ഇവിടെ തെമ്മാടിത്തരം പറയരുത്..... ....(ബഹളം)....

ശ്രീ. വി. എസ് അച്യുതാനന്ദൻ : സർ, ഈ പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട രാധ ഇവിടെ സംസാരിച്ചതിനുശേഷം മുഖ്യമന്ത്രി വീണ്ടും സംസാരിക്കാൻ എഴുന്നേറ്റതാണ്. എന്നാൽ ബഹുമാനപ്പെട്ട അങ്ങ് സഭാനേതാവിന്റെ ആ അഭിപ്രായപ്രകടനത്തിനുള്ള അവസരമൊരുക്കാതെ വളരെ കാൽക്കുലേറ്റഡ് ആയിട്ടുള്ളനിലയിൽ അഗസ്തിയെക്കൊണ്ട് ഇവിടെ ആ പ്രശ്നത്തെക്കുറിച്ച് സംസാരിപ്പിച്ചു. ഈ പ്രശ്നം വഷളാക്കാൻ വേണ്ടി നടത്തിയ സമീപനം വളരെ ഖേദകരമായ പ്പോയി എന്നുപറയാതിരിക്കാൻ തരമില്ല. അതുകൊണ്ട് ഞാൻ അങ്ങയോട് പറയുകയാണ്, അഭ്യർത്ഥിക്കുകയാണ് മുഖ്യമന്ത്രി നേരത്തെ ഇക്കാര്യത്തെക്കുറിച്ച് പറയാൻ എഴുന്നേറ്റ അവസരത്തിൽ അതിനുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയായിരുന്നു അങ്ങ് ചെയ്യേണ്ടിയിരുന്നത്. അതുകൊണ്ട് മുഖ്യമന്ത്രിക്ക് അതേക്കുറിച്ച് പറയാൻ അങ്ങ് ദയവായി അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിനുശേഷമാണ് മറ്റുള്ള ആളുകൾ ഇവിടെ ഇതേക്കുറിച്ച് സംസാരിക്കേണ്ടത്. അല്ലെങ്കിൽ ഇതിവിടെ ഒരു ചർച്ചയ്ക്ക് വിധേയമാക്കണം. ....(ബഹളം)....

ശ്രീ. പി. ടി. തോമസ് : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഞാനിവിടെ ചോദിക്കുന്നത് വ്യത്യസ്തമായ ഒരു കാര്യമാണ്. എല്ലാവർക്കും സങ്കടമുള്ള ഇക്കാര്യത്തിൽ ആദ്യമായിട്ടാണ് ആ പെൺകുട്ടിയുടെ പേര് ഇവിടെ വെളിപ്പെടുത്തിയത്. അതുകൊണ്ട് ദയവായി ആ പെൺകുട്ടിയുടെ പേര് പത്രങ്ങളിലോ മറ്റ് രേഖകളിലോ കാണാൻ പാടില്ല. ഇതുവരെ വന്നിട്ടുള്ള പത്രവാർത്തകളിലെല്ലാംതന്നെ ആ പെൺകുട്ടിയുടെ പേര് എടുത്തുപറഞ്ഞിട്ടില്ല. ഒരു പെൺകുട്ടി എന്നു മാത്രമേ അതേക്കുറിച്ച് വന്നിട്ടുള്ള പത്രവാർത്തകളിലൊക്കെ പരാമർശിച്ചിട്ടുള്ളു. അതുകൊണ്ട് ഈ സഭയുടെ ഇരുഭാഗത്തുനിന്നും വന്നിട്ടുള്ള ആ പെൺകുട്ടിയുടെ പേര് പത്രങ്ങളിലോ മറ്റ് രേഖയിലോ വരാതിരിക്കാനായി അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്...(ബഹളം)..

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഏതായാലും പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞതിൽ ഒരു ചെറിയ പദപ്രയോഗമുണ്ട്. ഞാൻ അതേപ്പറ്റി അദ്ദേഹത്തിനു തന്നെ വിട്ടുകൊടുക്കുകയാണ്. കാരണം സ്പീക്കറുടെ ..(ബഹളം) പ്രതിപക്ഷനേതാവ് പറഞ്ഞതിനെ ഞാൻ ആവർത്തിക്കുന്നില്ല. ചെയറിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ചും നിഷ്പക്ഷതയെക്കുറിച്ചും വംശ്യമായി ഒന്നും ചെയ്യാതെ ചെയ്യുന്ന തരത്തിലുണ്ട് അദ്ദേഹത്തിന്റെ പ്രസംഗം. എന്തായാലും ഞാനിപ്പോഴും അതേപ്പറ്റിയൊന്നും പ്രതീകരിക്കുന്നില്ല. അത് അദ്ദേഹത്തിന്റെ മനസാക്ഷിക്ക് ഞാൻ വിടുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം മുൻകീഴ്വഴക്കമനുസരിച്ച്, നടപടിക്രമങ്ങളും അനുസരിച്ച് ഉത്തമവിശ്വാസത്തോടുകൂടി സഭാനടപടികളും നടത്തുന്നു എന്നല്ലാതെ ഇക്കാര്യത്തിൽ വ്യക്തി എന്ന നിലയ്ൽ എനിക്ക് അഭിപ്രായമുണ്ട്. പക്ഷേ ചെയറിന്റെ അധികാരമുപയോഗിച്ച് നിഷ്പക്ഷമായിട്ടുള്ള ഒരു സമീപനം നൂറുശതമാനവും പാലിക്കാൻ ശ്രമിക്കുന്നുണ്ട്. അത് പാലിക്കേണ്ടതുണ്ട്. അതിന് ശ്രമിക്കുകയും ചെയ്യുമെന്നാണ് എന്റെ അഭിപ്രായം....(ബഹളം)....

ശ്രീ. പിണറായി വിജയൻ : സർ, ഇവിടെ അങ്ങ് ഉത്തമവിശ്വാസത്തോടുകൂടി ശ്രീ. അഗസ്തിയെ രണ്ടു വാചകം പറയാനായി ക്ഷണിച്ചല്ലോ, പ്രതികളുടെ കൂട്ടത്തിൽ ഈ സംഭവത്തിൽ കിട്ടിയിട്ടുള്ളതും ഇപ്പോഴും പ്രത്യായിട്ട് അറസ്റ്റ് ചെയ്തിട്ടുള്ളതുമായ ശ്രീ. ധർമ്മരാജൻ സി. പി. ഐ (എം)-ന്റെ പ്രവർത്തകരാണെന്നാണ് ഇവിടെ അദ്ദേഹം പറഞ്ഞത്. *** നമ്മുടെ സഭാനടപടികളിൽ പച്ചകള്ളം എന്ന വാക്ക് പറയാൻ പാടില്ല. അതുകൊണ്ട് ഞാൻ അത് പറയുന്നില്ല.

മി. സ്പീക്കർ : ഈ പറഞ്ഞ കോളേജ് രാഷ്ട്രീയം അന്വേഷിക്കേണ്ടത് എന്റെ ജോലിയല്ല.

ശ്രീ. പിണറായി വിജയൻ : സി. പി. ഐ. (എം)-ന്റെ പ്രവർത്തകനാണ് ധർമ്മരാജനെന്ന് ശ്രീ. അഗസ്തി ഇവിടെ പറഞ്ഞു. വെറും *** ധർമ്മരാജൻ സി. പി. ഐ. (എം)-ന്റെ പ്രവർത്തകനാണെന്ന് ശ്രീ. അഗസ്തി പറഞ്ഞത് തീർത്തും വാസ്തവവിരുദ്ധമാണ്. ഈ കേരളത്തിലെ എല്ലാ പത്രങ്ങളും അതുസംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏത് പാർട്ടിക്കാണ് അതിൽ ബന്ധമുള്ളതെന്ന് പത്രവാർത്തകളിലൂടെതന്നെ വ്യക്തമാകുന്നുണ്ട്. ധർമ്മരാജൻ ജെ. എസ്. എസ്. എന്റെ നേതാവല്ലേ അങ്ങേക്കറിയില്ലേ, *** പറയുകയാ ഈ അസംബ്ലിയിൽ? ഈ അസംബ്ലിയിൽ വന്നിട്ട് എന്ത് ***പറയാമെന്നാണോ ? ധർമ്മരാജൻ നിങ്ങളുടെ ജെ.എസ്.എസ്. പ്രവർത്തകനല്ലേ ? നിങ്ങൾക്ക് അത് അറിയില്ലേ ? ആർക്കുവേണ്ടിയാണിവിടെ ഈ ന്യായംപറയാൻ ഏർപ്പെടുത്തിയിട്ടുള്ളത് ? ഈ അസംബ്ളിയിൽ എന്തും പറയാമെന്നാണോ ? ജെ. എസ്. എസ്. എന്റെ പ്രവർത്തകനായിട്ടുള്ള നിങ്ങളുടെ കൂടെ കൂട്ട് കൂടിയിരിക്കുന്ന നിങ്ങൾക്ക് സംരക്ഷിക്കാൻ ബാദ്ധ്യതയുള്ള ഒരു പാർട്ടി പ്രവർത്തകനല്ലേ അയാൾ. എന്നിട്ട് എന്തു കണ്ടിട്ടാണിവിടെ വന്ന് പറയുന്നത് സി.പി.ഐ. (എം)-ന്റെ പ്രവർത്തകനാണെന്ന്. അയാൾ ഈസംഭവുമായി ബന്ധപ്പെട്ട ആളാണ്. എന്നാൽ അയാൾ സി. പി. ഐ. (എം)-മായിയാതൊരുബന്ധവുമില്ലാത്ത ആളാണ്. അതുകൊണ്ടുതന്നെ സ്വന്തം ഡി. സി. സി. സെക്രട്ടറിയെ രക്ഷിക്കാൻവേണ്ടി ഞങ്ങളുടെ നേരേ ഈ ദുരാരോപണങ്ങൾ വെറുതെ അഗസ്തി കൊണ്ടുവരുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ആ ഭാഗം രേഖയിൽനിന്നും നീക്കം ചെയ്യണം ....(ബഹളം)....

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇവിടെ ഓരോരുത്തരുടെയും പ്രസംഗത്തിൽ ഓരോരുത്തരുടെ രാഷ്ട്രീയത്തെപ്പറ്റിയുള്ള വിവരണങ്ങളനുസരിച്ച് തെളിവെടുത്ത് അതിൽ നടപടി സ്വീകരിക്കാൻ ചെയറിന് സാദ്ധ്യമല്ല. അങ്ങ് ഉദ്ദേശിച്ച രണ്ടും അവിടെ ഉണ്ടാവാം, എന്നാൽ അതിൽ ഏതാണ് ശരി, ഏതാണ് തെറ്റ് എന്നന്വേഷിക്കേണ്ട ചുമതല എനിക്കില്ല. ഇത് എല്ലാ ഭാഗത്തിനും ഒരുപോലെ ബാധകമാണ്.....(ബഹളം)....

ശ്രീ. എം. എം. ഹസ്സൻ : സർ, ഈ സഭയ്ക്കകത്ത് അൺപാർലിമെന്ററി ആയിട്ടുള്ള വാക്കുകൾ ഏത് തലത്തിൽ ഉപയോഗിച്ചാലും അത് എക്സ്പഞ്ച് ചെയ്യാൻ ബഹുമാനപ്പെട്ട ചെയറിനധികാരമുണ്ട്. ഇവിടെ ശ്രീ. പിണറായി വിജയൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ ** ഉപയോഗിച്ചു. ആ ** വാക്ക് രേഖയിൽ കിടക്കുന്നത് തെറ്റാണ്. കോൺഗ്രസ്സുകാർ ആരെങ്കിലും ഇടപെട്ടു, ഇതിനകത്ത് ബന്ധപ്പെട്ടു എന്നു പറഞ്ഞാൽ ഇവിടെ ഭരിക്കുന്നത് കോൺഗ്രസ് ഗവൺമെന്റാണെങ്കിലും നിർദ്ദാക്ഷിണ്യം നിയമത്തിന്റെ കരങ്ങൾ അവരെ പിടികൂടും. പക്ഷെ മാർക്സിസ്റ്റുകാരുടെ പേര് പറയുമ്പോൾ അവരെ രക്ഷിക്കാനുള്ള ശ്രമം എന്തിനാണ് ഇവർ അപ്പുറത്തുനിന്നും നടത്തുന്നത് ? ഈ കേസ്സിൽ ഇടപെട്ടിട്ടുള്ളത് മാർക്സിസ്സ്റ്റ് പ്രവർത്തകനാണെന്ന് ശ്രീമാൻ അഗസ്തി പറയുമ്പോൾ അയാളെ രക്ഷിക്കാൻ വേണ്ടി ശ്രമിക്കുന്നതാണ് അപകടം. അതുകൊണ്ട് ശ്രീ. വിജയൻ പറഞ്ഞ ** എന്ന വാക്ക് സഭാ രേഖയിലുണ്ടാവരുത്, അത് നീക്കം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : നിങ്ങൾ ധർമ്മരാജൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തകനാണെന്നുപറഞ്ഞാൽ അത് അല്ലാ എന്നുപറയാനുള്ള അവകാശം ഞങ്ങൾക്കുണ്ട്. അയാൾ കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തകനല്ല. അയാളുടെ പേരിൽ നടപടി എടുക്കരുതെന്ന് നിങ്ങളുടെ ഡി. സി. സി. യോഗത്തിൽ പ്രമേയം വന്നിട്ടുണ്ട്. നിങ്ങൾ അയാളുടെ പേരിൽ നടപടി എടുത്തിട്ടുണ്ടോ ? അക്കാര്യം പത്രത്തിലൊക്കെ വന്നിട്ടുള്ളതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ പോയിന്റ് ഓഫ് ഓർഡറിനെ അംഗീകരിച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. ഈ പ്രശ്നമെന്നുപറയുന്നത് ഒരു നിയോജകമണ്ഡലത്തിന്റെ വ്യാപ്തിയിൽ മാത്രം ഒതുങ്ങുന്നതല്ല. കേരളം മുഴുവൻ ഉണർന്നുകഴിഞ്ഞിരിക്കുന്ന വളരെ ഗൗരവമുള്ള ഒരു വിഷയമാണിത്. ഈ കേരളത്തിലെ ജനങ്ങളുടെ മനസാക്ഷിയുടെ പ്രശ്നമാണ്. രണ്ടാമതായി ഇതിനു മറുപടി പറഞ്ഞപ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട്. ഇതുവരെ ഒരു പത്രത്തിലും ആരും പറയാത്ത ഒരു കാര്യമുണ്ട്, അതായത് ധർമ്മരാജൻ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകനാണെന്ന് ഒരു പത്രത്തിലും പറഞ്ഞിട്ടില്ല. അയാൾ മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവർത്തകനല്ല. അതുകൊണ്ട് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനാണെന്ന് പറഞ്ഞത് നിയമസഭാരേഖയിൽനിന്നും മാറ്റണം. അത് സഭാരേഖയിൽനിന്നും നീക്കം ചെയ്യണം. അങ്ങ് അത് നീക്കം ചെയ്യാൻ ബാദ്ധ്യസ്ഥനാണ്. ഒരു കാരണവശാലും, ഒരു പത്രത്തിലും ഇക്കാര്യം വന്നിട്ടില്ല. മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകനാണെന്ന്

** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ആരും പറഞ്ഞിട്ടില്ല. അതുകൊണ്ട് ഈ പരാമർശം നിരുപാധികം പിൻവലിക്കണം അല്ലെങ്കിൽ അത് രേഖയിൽ നിന്നും നീക്കം ചെയ്യണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതാണ് അതിന്റെ ഒരു നടപടിക്രമം.

മി. സ്പീക്കർ : ഇതിൽ ഞാൻ ഒരുകാര്യം വ്യക്തമായിട്ട് പറഞ്ഞു. ഇവിടെ പ്രതിപക്ഷ നേതാക്കളും ഭരണപക്ഷ അംഗങ്ങളും സംസാരിക്കുമ്പോൾ ഓരോ വ്യക്തിയെക്കുറിച്ചും അവരുടെ രാഷ്ട്രീയ ചായ്വിനെക്കുറിച്ചും അവരുടെ രാഷ്ട്രീയ ചായ്വിൽനടത്തുന്ന പരാമർശങ്ങളും അത് എത്രത്തോളം ശരിയാണ്, തെറ്റാണ്, അതിൽ എന്തെങ്കിലും ശരിയുണ്ടോ തെറ്റുണ്ടോ എന്ന് അന്വേഷിക്കേണ്ട അതിന്റെ നിജസ്ഥിതിയെപ്പറ്റി അന്വേഷിക്കേണ്ട ചുമതല ചെയറിനേറതല്ല. അതുകൊണ്ട് അക്കാര്യത്തെ കുറിച്ച് എനിക്ക് പറയാനില്ല. പിന്നെ മറ്റൊരുകാര്യം ഇവടെ അസംബ്ലി നടപടികളുടെ അന്തസ്സിന് യോജിക്കാത്ത സഭ്യേതരമായ ഏതെങ്കിലും പദപ്രയോഗങ്ങളും ആരുടെയെങ്കിലും ചർച്ചയിൽ ഉണ്ടെങ്കിൽ അത് പരിശോധിച്ചിട്ട് നീക്കം ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട എ. കെ. മണിയും പി. ടി. തോമസും ഇതേപ്പറ്റി സംബന്ധിച്ചിരുന്നു. പക്ഷെ പ്രസിഡൻറ് അതനുസരിച്ച് അവരെ സംസാരിക്കാൻ അനുവദിക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : സർ, ശ്രീമതി രാധയും മറ്റു സുഹൃത്തുക്കളും ഇവിടെ ഉന്നയിച്ച ഈ പ്രശ്നം ദയവുചെയ്ത് നമ്മുടെ ഇടയിലുള്ള രാഷ്ട്രീയതർക്കങ്ങളുടെ ഒരു വേദിയാക്കി മാറ്റാൻ ഉപയോഗിക്കരുത്. ഗവൺമെൻറ് ഈ പ്രശ്നത്തെ കാണുന്നത് ഒരു രാഷ്ട്രീയ പ്രശ്നമായിട്ടല്ല. കഴിഞ്ഞ ആഴ്ചയിൽ ഈ പ്രശ്നം ഉന്നയിച്ചില്ലെങ്കിലും ഒറ്റപ്പെട്ട ചില സ്ത്രീപീഡന ദുരന്തസംഭവങ്ങളും ശ്രീമതി മീനാക്ഷി തമ്പാൻ ഈ സഭയിൽ ഉന്നയിച്ചപ്പോഴത്തന്നെ എന്നെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി എന്നുള്ള നിലയിൽ മാത്രമല്ല, ഒരു പൊതുപ്രവർത്തകൻ എന്ന നിലയിൽ എന്റെ മനസാക്ഷിയെ വല്ലാതെ മുറിവേൽപ്പിച്ച സംഭവമായതുകൊണ്ട് സഭവിട്ട് പുറത്തുവന്ന ഉടൻതന്നെ, സെക്രട്ടേറിയറ്റിൽ മടങ്ങിചെന്നതിനുശേഷം ഒരു മുഖ്യമന്ത്രിയും ചെയ്യുന്നതിനേക്കാൾ അസാധാരണമായ ഒരു ഉത്തരവ് ഞാൻ പുറപ്പെടുവിച്ചു. നമ്മുടെ നാട്ടിലെ സ്ത്രീകളെ, സഹോദരിമാരെ പീഡിപ്പിക്കുന്നവർക്കെതിരായി, അവരുടെ ചാരിത്ര്യം കവർന്നെടുക്കുന്നവർക്കെതിരായി ruthless and merciless ആയി നടപടി സ്വീകരിക്കാൻ ഞാൻ ഉത്തരവ് പുറപ്പെടുവിച്ചുവെന്നുമാത്രമല്ല, ഇത്തരം സംഭവങ്ങൾ നടക്കുന്ന പ്രദേശങ്ങളിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ വീഴ്ച വരുത്തിയാൽ അവർ Personally accountable ആകുമെന്നൊരു അസാധാരണഉത്തരവും പുറപ്പെടുവിച്ചു. ഈ സംഭവം നടന്നതിനുശേഷം ആറുപേരെ അറസ്റ്റ് ചെയ്യുകയും, 20 പ്രതികളെ തിരിച്ചറിയുകയും ചെയ്തു. ആ 20 പ്രതികളെയും അറസ്റ്റു ചെയ്യാനുള്ള ശ്രമങ്ങൾ ഊർജ്ജിതമായി നടക്കുന്നു. ഈ 20 പ്രതികൾ മാത്രമല്ല, ഇനിയും ഈ പൈശാചിക സംഭവത്തിൽ, കാട്ടാള നടപടിയിൽ ആരെങ്കിലും ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ആരായാലും എത്ര പ്രമാണിയാണെങ്കിലും നിയമത്തിന്റെ കീഴിൽ കൊണ്ടുവരും അവർക്കെതിരായി മാതൃകാപരമായി നടപടികളും സ്വീകരിക്കും. ഈ ഗവൺമെൻറ് ക്രിമിനൽ കുറ്റങ്ങളെ കാണുന്നത് രാഷ്ട്രീയം നോക്കിയിട്ടല്ല, പാർട്ടിക്കുള്ളിലെ പാർട്ടി നോക്കിയിട്ടില്ല, ജാതി നോക്കിയിട്ടല്ല, മതം നോക്കിയിട്ടല്ല കുറ്റവാളികളുടെ മുഖം

LIBRARY ARCHIVES Kerala Legislative Assembly

നോക്കാതെ കർക്കശമായ നടപടിയെടുക്കുന്ന നിലപാടാണ് ഗവൺമെൻറിനുള്ളത്. ഞാൻ ഒന്നു ചോദിക്കട്ടെ, ആറു പേരെ അറസ്റ്റുചെയ്യുകയും 20 പേരെ അറസ്റ്റുചെയ്യാൻ നടപടി സ്വീകരിക്കുകയും ബാക്കിയുള്ളവരെ കണ്ടെത്താൻ പോലീസ് നടപടി സ്വീകരിക്കുകയും ചെയ്തതിനുശേഷമാണല്ലോ, ഈ നിയമസഭാസമ്മേളനം ആരംഭിച്ചിട്ട് ഇത്രദിവസമായിട്ടും ഇനാണല്ലോ ഈ സഭയിൽ അടിയന്തരപ്രമേയവുമായിട്ട് വന്നത്, എവിടെപ്പോയി നിങ്ങളുടെ മനസാക്ഷി ? ഈ സംഭവം അറിഞ്ഞ ഉടൻതന്നെ ഞാനാണ് നടപടിയെടുക്കാൻ ആവശ്യപ്പെട്ടത്. ഇപ്പോഴും നിങ്ങൾ ആവശ്യത്തിലേറെ ധാർമ്മികരോഷം കൊള്ളേണ്ട. ഇവിടെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ചർച്ച നടന്നു. മറ്റു പല നടപടികളും ഉണ്ടായിരുന്നു, എന്തുകൊണ്ട് ഇത്രയും ദിവസം ധാർമികരോഷം ഉണ്ടായില്ല. അപ്പോഴും നിങ്ങൾക്കും ഇതിൽ എന്തോ മറക്കാനുണ്ടായിരുന്നു. ഞാൻ ഉറപ്പുപറയുന്നു, ഈ കേസിൽ പിടികിട്ടേണ്ട പ്രതികളെ എല്ലാം ഏതാനും ദിവസങ്ങൾക്കകംതന്നെ പിടികൂടി അവരെ നിയമത്തിന്റെ കൈകളിൽ ഏൽപ്പിക്കും. ഈ കേസ് അന്വേഷിക്കുന്നതിനുവേണ്ടി ക്രൈം ബ്രാഞ്ചിൽ ഒരു സ്പെഷ്യൽ ടീമിനെ നിയമിക്കുവാൻ ഡി.ജി.പി ക്കും ക്രൈം ബ്രാഞ്ചിന്റെ തലവനായ അഡീഷണൽ ഡി. ജി. പി. ക്കും ഉത്തരവ് കൊടുത്തിരിക്കുകയാണ്. അത്തരത്തിൽ ഊർജ്ജിതമായി അന്വേഷിക്കും. ആരാരാക്കെ ഈ കാടത്തത്തിന് ഉത്തരവാദികളാണോ അവർക്കെല്ലാം എതിരായി നടപടിയെടുക്കും. ഇനിമേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ മാതൃകാപരമായ നടപടി സ്വീകരിക്കും. ആരെയും വെറുതെ വിടുകയില്ല. ആരെയും രക്ഷിക്കുകയുമില്ല, ആരെയും രക്ഷിക്കാൻ അനുവദിക്കുകയുമില്ലെന്ന് ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിറുത്തിവെച്ച് ചർച്ചചെയ്യേണ്ട ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ലെന്ന് കാണുന്നതിനാൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി രാധയും മറ്റു മെമ്പർമാരും മൂന്നാറിലെ സൂര്യനെല്ലി പ്രശ്നത്തെ സംബന്ധിച്ച് ഉന്നയിച്ച അടിയന്തര പ്രമേയത്തിന് മുഖ്യമന്ത്രി രണ്ടുപ്രാവശ്യമായിട്ട് നൽകിയ മറുപടി ഞങ്ങളെല്ലാം തന്നെ ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. ആറിങ്ങൽ ഹൈസ്കൂളിലെ ഒൻപതാം സ്റ്റാൻഡേർഡിൽ പഠിച്ചുകൊണ്ടിരിക്കുന്ന ഷീബ എന്ന വിദ്യാർത്ഥിനിക്ക് ഉണ്ടായ അപമാനകരമായ അനുഭവത്തെപ്പറ്റി അവളുടെ പിതാവ് പോലീസിന് നൽകിയ പരാതിയിൻമേൽ യാതൊരു നടപടിയും കാര്യമായി എടുത്തിട്ടില്ലന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ സബ്മിഷനിലൂടെ ഉന്നയിച്ച പ്രശ്നത്തിന് മുഖ്യമന്ത്രി, ശ്രീ. എ. കെ. ആൻറണി ഇത്രയും ഒച്ചയിലല്ലെങ്കിലും ഇതുപോലെ സ്ത്രീകളുടെ നേരെ നടത്തിയിട്ടുള്ള അക്രമങ്ങളെ സംബന്ധിച്ചിടത്തോളം രോഷാകുലനായതായി ഞാൻ ഓർക്കുന്നു. ബഹുമാനപ്പെട്ട മീനാക്ഷി തമ്പാൻ ഇത് സംബന്ധിച്ച് ഉന്നയിച്ച സബ്മിഷനും ഇതുപോലെതന്നെ മുഖ്യമന്ത്രി വളരെ വളരെ വികാരാവേശനായി പറഞ്ഞ മറുപടിയും മറക്കാൻ കഴിയുന്നതല്ല. എന്നാൽ ഈ പ്രശ്നത്തെ സംബന്ധിച്ച് ഉന്നയിച്ച അടിയന്തര പ്രമേയത്തെക്കുറിച്ച് ശ്രീമാൻ ആൻറണി നടത്തിയിട്ടുള്ള അവകാശവാദങ്ങളും പ്രഖ്യാപനങ്ങളും പുതിയതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിലെ മെമ്പറായ ശ്രീ ഇ. പി. ജയരാജനുനേരെ നടന്ന കൊലപാതക ശ്രമത്തെ സംബന്ധിച്ച് ഇവിടെ ഉന്നയിച്ച അടിയന്തര പ്രമേയത്തിന്റെ ഘട്ടത്തിലും മിസ്റ്റർ ആൻറണി വികാരാവേശനായി, ശ്രീ. ഇ. പി. ജയരാജൻ ഒരു കക്ഷിയുടെ പ്രവർത്തകനാണെങ്കിലും യുവാവ് എന്ന നിലയിൽ ശ്രീ. ഇ. പി. ജയരാജന്റെ കാര്യം ഒരു കക്ഷിയുടെ കാര്യമായിട്ടല്ല ഞങ്ങൾ എടുത്തത്. ഈ സഭയിലെ ഒരു മെമ്പർ എന്നുള്ള നിലയിൽ കുറെവാളുകൾ ആരുതന്നെ ആയാലും, അവർക്കെതിരായി കരശനമായ നടപടി സ്വീകരിക്കുമെന്ന് അന്ന് മിസ്റ്റർ ആൻറണി നടത്തിയ പ്രഖ്യാപനത്തിന്റെ മുഴക്കം, സൂര്യനെല്ലി സംഭവത്തെക്കുറിച്ച് പറഞ്ഞപ്പോഴുണ്ടായ മുഴക്കത്തെക്കാൾ വലുതായിരുന്നു. പ്രതിപക്ഷം ഈ സംഭവത്തെക്കുറിച്ച് ഉന്നയിക്കാൻ ഇത്ര ദിവസം താമസിച്ചു, അതിന് കാരണം പ്രതിപക്ഷത്തെ ഏതെങ്കിലും ചില ആളുകൾക്കുകൂടി ഇതിനകത്ത് പങ്കുള്ളതുകൊണ്ടായിരിക്കും എന്ന ഒരു ദുഃഖസൂചനയുള്ളത് അദ്ദേഹം തന്റെ അനുയായികളെ പ്രതികൂട്ടിൽ രക്ഷിക്കാൻ എന്ന നിലയിൽ ഇന്ന് ഇവിടെ പറഞ്ഞു. അപ്പുറത്തിരിക്കുന്നവരുടെ സ്നേഹിതൻമാർ ഈ അടിയന്തിര പ്രമേയത്തോടൊപ്പം രണ്ട് സബ്മിഷൻസ് കൊടുക്കുന്നതിനും എന്താണ് ഇത്ര താമസിച്ചതെന്ന് എന്തേ, ആൻറണി നിരുദ്ധം ഓർത്തോ? അപ്പോൾ ഈ പ്രശ്നത്തിൽ രാഷ്ട്രീയം കണ്ടത്. നിങ്ങളുടെ കക്ഷിക്കാരൻ ഇതിൽ ബന്ധപ്പെട്ടതുകൊണ്ടാണ്. ഇടുക്കിയിലേയും കോട്ടയത്തേയും പ്രമുഖൻമാരായ ആളുകൾ ഇതിൽ ബന്ധപ്പെട്ടതുകൊണ്ട് നിങ്ങളുടെ കൈകൾ കെട്ടിയിരിക്കുകയാണ്. നിങ്ങളുടെ സഖിയായ ജെ. എസ്. എസ്.-ന്റെ പ്രമാണിയായ ഒരാൾ ഇതിൽ ബന്ധപ്പെട്ടതുകൊണ്ട് നിങ്ങളുടെ കൈ കെട്ടിയിരിക്കുകയാണ്. അവരെയെല്ലാം സി. പി. ഐ. (എം) കാരായി ചിത്രീകരിച്ചു തടി തപ്പാൻ മി. ആൻറണിയും അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളും വ്യാമോഹിച്ചിരിക്കുകയാണ്. സി. പി. ഐ (എം) ലെ ഏതെങ്കിലും ഒരു പ്രവർത്തകൻ ഇക്കാര്യത്തിൽ ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അയാൾക്കെതിരെ ഏതു കർശനമായ നടപടിയെടുക്കുന്നതിനും ഞങ്ങൾ സന്നദ്ധമാണ്. അതിന് എതിരായി ഒരു ചെറു വിരൽപോലും ഞങ്ങൾ അനക്കുകയില്ല. ഇവിടെ പ്രശ്നം ഒരു പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയതിനുശേഷം ലോഡ്ജുകളായ ലോഡ്ജുകളിലെല്ലാം വാണിഭം നടത്തുകയായിരുന്നു. നിങ്ങളുടെ പോലീസ്, മൂന്നാറിലെ ഡി. എസ്. പി., ഡി. വൈ. എസ്. പി., സർക്കിൾ ഇൻസ്പെക്ടർ തുടങ്ങിയുള്ള ഉദ്യോഗസ്ഥൻമാർ ഒരു മാസമായി ഈ തരത്തിലുള്ള ക്രൂരമായ കശ്മലൻമാർക്കുമാത്രം ചേർന്ന ഈ നടപടി കണ്ടിട്ട് ഇതിനെതിരായി ചലിക്കാൻ തയ്യാറായില്ല. പോലീസ് സ്റ്റേഷനിൽ സത്യാഗ്രഹവും പിക്കറ്റിംഗും പ്രകടനവും എല്ലാം വന്നതിനെതുടർന്നാണ് ഇതെല്ലാം വെളിച്ചത്തു വന്നത് അല്ലാതെ നിങ്ങളുടെ ഉഗ്രൻ ഓർഡറിന്റെ ഫലമായിട്ടല്ല. ശക്തമായ പ്രതിഷേധം ഇവിടെ അലയടിച്ചുയർന്നു അതിന്റെ ഫലമായിട്ടാണ് ചിലയാളുകളെ അറസ്റ്റു ചെയ്യേണ്ടിവന്നത്. എങ്കിലും മുഖ്യൻമാരായ ആളുകളെ സംരക്ഷിക്കാൻ വേണ്ടി നിൽക്കുന്നആളുകളെ ഇതുവരെ തൊട്ടിട്ടില്ല, അതിനു കൂട്ടുനിന്ന പോലീസ് ഓഫീസറേയും ഇതുവരെ സസ്പെൻഡ് ചെയ്തിട്ടില്ല. ആറ്റിങ്ങലിലെ ഷീബ എന്നുപറയുന്ന പെൺകുട്ടിയെ മാനഭംഗം ചെയ്ത സന്തോഷ് എന്നു പറയുന്ന ചെറുപ്പക്കാരന്റെ ജേഷ്ഠൻ ആരാണ്? രാജു, നിങ്ങളുടെ മണ്ഡലം പ്രസിഡൻറാണ്. ഞാൻ അന്ന് ഇക്കാര്യം ഇവിടെ പറഞ്ഞില്ല. കാരണം നിങ്ങൾ ഇതു സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കി ആവശ്യമായ നടപടി ചെയ്യുമോ എന്നറിയാൻ വേണ്ടി ആയിരുന്നു. അതുകൊണ്ട് ഞാൻ അയാളുടെ രാഷ്ട്രീയ ബന്ധം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ധരിച്ചില്ലായിരുന്നു. അന്ന് ആ ഷീബയെ കൊണ്ടുപോയി മാനഭംഗപ്പെടുത്തിയതിനു കൂട്ടുണ്ടായിരുന്ന രണ്ടാളുകൾക്ക് ഓഹരി പങ്കിട്ടു. അതിനുശേഷം ആ കുട്ടിയെ കടലിൽ കൊണ്ടുപോയി താഴ്ത്താൻ ശ്രമിച്ചു. അവിടെ ചെന്നപ്പോൾ മൽസ്യത്തൊഴിലാളികൾ കൂട്ടമായി നിൽക്കുന്നതുകൊണ്ട് അസൗകര്യമായതിനാൽ കുട്ടിയെ തിരിച്ചുകൊണ്ടുപോയി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആ പെൺകുട്ടിയെ ആശുപത്രിയുടെ സമീപം വിട്ടു മൂന്നാറിലെ സൂര്യനെല്ലിയിലെ സ്ഥിതിയിലും ഇതുപോലെ തന്നെയാണ്. കഴിഞ്ഞദിവസം പ്രൊഫസർ മീനാക്ഷി തമ്പാൻ ഈ സഭയിൽ സംസാരിച്ച കാര്യത്തെ സംബന്ധിച്ച് മി. ആൻറണി ഇവിടെ പരാമർശിച്ചു. പക്ഷേ അദ്ദേഹം പ്രതിപക്ഷത്തെ കുറ്റിയാക്കുന്നതിനും സ്വന്തം കക്ഷിക്കാരെ രക്ഷിക്കുന്നതിനും വേണ്ടിയുള്ള ധൃതിയിൽ അന്ന് ഈ പ്രശ്നവും പ്രൊഫ. മീനാക്ഷി തമ്പാൻ സഭയിൽ ഉന്നയിച്ചത് സൗകര്യത്തിനുവേണ്ടി വിട്ടുകളയുകയാണ് ചെയ്തത് ശ്രീ. വി. സി കബീർ മാസ്റ്റർ പറഞ്ഞു, അപ്പുത്തുള്ള സ നേഹിതൻമാരല്ല പറഞ്ഞത്. ഇപ്പുറത്തുള്ള ബഹുമാനപ്പെട്ട മെമ്പർമാരാണ് അറിഞ്ഞ മാത്രിയിൽതന്നെ ഈ പ്രശ്നം സഭയിൽ കൊണ്ടുവന്നതെന്ന കാര്യം. നിങ്ങൾ വിസ്മരിക്കരുത് ഇതിലെ കുറ്റവാളികൾക്കെതിരായി ഈ സഭയിൽ ഉടൻ പ്രഖ്യാപനങ്ങൾ നടക്കുന്നത് ഞങ്ങൾക്ക് കേൾക്കേണ്ടതില്ല. കുറ്റവാളികൾക്ക് എന്തായും മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് പറഞ്ഞല്ലോ. സത്യസന്ധമായിട്ടു ള നടപടിയെടുക്കണം. കുമിളിക്കും കമ്പത്തിനും ഇടയിൽ ഈ പ്രശ്നം സംബന്ധിച്ച് അന്വേഷണത്തിനുപോയ പോലീസിനുതന്നെ ചോദ്യമായതിനെപ്പറ്റി പത്രത്തിൽ റിപ്പോർട്ടുകണ്ടു. അഞ്ചുശവശരീരങ്ങൾ ഇതിനു മുൻപ് ആ കമ്പത്തിനും തമിഴ്നാടിനും കേരളത്തിനും ഇടയിൽ അനാഥമായി കിടക്കുന്നതു കണ്ടു. അതു സ്ത്രീകളുടെ ജഡങ്ങളായിരുന്നു. ഇത്തരത്തിലുള്ള പൈശാചികമായ നടപടികൾ മാസങ്ങളായി നടന്നുകൊണ്ടിരിക്കുന്നു എന്നുള്ളതിനു തെളിവാണ് ഇതെല്ലാം. അതുപോലെയുള്ള ക്രൂരമായ സംഭവത്തിന് വിരാമമിടാൻ പോലീസിനും കഴിയില്ല, ഗവൺമെൻറിനും കഴിയില്ല. മാത്രവുമല്ല ഇതെല്ലാം പങ്കിട്ട് എൻജോയ് ചെയ്യുന്ന നിങ്ങളുടെ രാഷ്ട്രീയ പാർട്ടിയിലെ പ്രവർത്തകരെ പ്രൊട്ടക്ട് ചെയ്യുന്നതിന് വേണ്ടിയുള്ള വ്യഗ്രതയിലാണ് നിങ്ങൾ ഏർപ്പെട്ടിരിക്കുന്നത്. അതാണ് അത്യന്തം ലജ്ജാവഹമായ സംഗതി. അതുകൊണ്ട് ഇവിടെ ഞങ്ങൾക്ക് പ്രഖ്യാപനങ്ങൾ കേൾക്കേണ്ടതില്ല. പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ അര കഴഞ്ചെങ്കിലുമുള്ള പ്രവർത്തനങ്ങൾ ഈ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഇതേവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആറ്റിങ്ങലിലെ ഷീബയുടെ കാര്യത്തെ സംബന്ധിച്ച് ഒരാഴ്ച മുൻപ് ബഹുമാനപ്പെട്ട ആൻറണി നടത്തിയ പ്രഖ്യാപനത്തിൽ ഏതെങ്കിലും തരത്തിലുള്ള ചലനം എവിടെ സൃഷ്ടിച്ചിട്ടുണ്ടോ എന്നു ഞാൻ അന്വേഷിച്ചു. യാതൊരു ചലനവും സൃഷ്ടിച്ചിട്ടില്ല. ഡി. വൈ. എസ്. പി. യും പോലീസ് എസ്. ഐ. യും അറിഞ്ഞിട്ടില്ല. പിന്നെ അദ്ദേഹം എങ്ങനെയാണ്, അതു സംബന്ധിച്ച് വളരെ സാമർത്ഥ്യപൂർവ്വമായ അന്വേഷണം നടത്തിയത് എന്ന് എനിക്കറിയില്ല. ഷീബയെ അപമാനിച്ച് സന്തോഷിനേയും കൂട്ടരേയും സംരക്ഷിക്കാൻ ശരത്ചന്ദ്രപ്രസാദ് എന്ന മാന്യനുമുണ്ട്. അവിടേയും കോൺഗ്രസ് നേതാക്കൻമാരുണ്ട്. ഇത്തരക്കാരായ ആളുകൾ ബന്ധപ്പെട്ടാൽ മി. ആൻറണിയുടെ സപ്ത നാഡികളും തളരുമെന്ന കാര്യത്തിൽ ആർക്കാണ് സംശയം. ഈ പ്രശ്നം സഭ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. ഈ പ്രശ്നത്തെ സംബന്ധിച്ച് പല ഭാഗങ്ങളിൽ നിന്നും ബഹുമാനപ്പെട്ട മെമ്പർൻമാർ

LIBRARY ARCHIVES Kerala Legislative Assembly

എഴുന്നേറ്റു നിന്നതിൽ നിന്നും ഞത് വ്യക്തമാണ്. ഇത് ഒരു മണ്ഡലത്തിന്റെ പ്രശ്നമല്ല; ഈ മൂന്നാറിന്റെയോ ഇടുക്കിയുടെയോ പ്രശ്നമല്ല; ഇതു കേരളത്തിന്റെ അഭിമാനത്തിന്റെ പ്രശ്നമാണ്; കേരളത്തിന്റെ അന്തസ്സിന്റെ പ്രശ്നമാണ്. ആയിരക്കണക്കിന് അമ്മമാരുടേയും സഹോദരിമാരുടേയും കണ്ണുനീരിന്റേയും അപമാനത്തിന്റേയും പ്രശ്നമാണ്. ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുന്നില്ലെങ്കിൽ പിന്നെ ഏതു പ്രശ്നമാണ് സഭ ചർച്ച ചെയ്യേണ്ടത്? ഗവൺമെന്റിന്റെ ഈ നയത്തിൽ ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഈ സഭയിൽ നിന്നും വാക്കൗട്ട് ചെയ്യുന്നു.

(ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി.എസ്. ശ്രീനിവാസൻ: സർ, അപ്പുറത്തുള്ളവർക്കെല്ലാം ചർച്ച ചെയ്യാൻ വളരെ താൽപ്പര്യമുള്ള വിഷയമായിരുന്നു. ഇപ്പുറത്തിരിക്കുന്നവർക്കും അങ്ങനെയാണ് ഒരു പുനഃപരിശോധന മുഖ്യമന്ത്രി നടത്തുകയും ഈ വിഷയം ഇവിടെ ചർച്ചചെയ്യാനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യണം. അവിടെ നിന്നും അതുപോലെ ഇവിടെനിന്നും എത്രയോ പേരാണ് എഴുന്നേറ്റത്. കേരളത്തിന്റെ സ്ത്രീത്വം അതിക്രൂരമായി ചവിട്ടിമെതിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നു. എന്തുകൊണ്ട് നിങ്ങൾ ഇത് അറിഞ്ഞില്ല. എന്നു ചോദിച്ചാൽ എന്തുകൊണ്ടാണ് പത്രങ്ങൾ അറിയാതിരുന്നത്, എന്തുകൊണ്ട് നിങ്ങളുടെ പോലീസ് അറിയാതിരുന്നത്? നിങ്ങൾ വളരെ ക്രൂരമായ, വളരെ നിശിതമായ രൂക്ഷമായ ഉത്തരവ് ഇറക്കിയല്ലോ. ഈ കുറ്റത്തിന് ആദ്യം സസ്പെൻഡു ചെയ്യുകയോ ഡിസ്മിസ് ചെയ്യുകയോ ചെയ്യേണ്ടത് നിങ്ങളുടെ ഡി. ജി. പി. യേയോ ഐ. ജി. യെയോ ആണ്. പത്തു നാൽപ്പതു ദിവസങ്ങളായി ഫുട്പാത്തിൽ തട്ടുന്നതുപോലെ ഒരു പെൺകുട്ടിയെ കേരളത്തിന്റേയും തമിഴ്നാടിന്റേയും പല ഭാഗങ്ങളിലും കൊണ്ടുപോയി ഇത്തരം അപമാനവും ദ്രോഹവും ചെയ്തിട്ട് അതിനെപ്പറ്റി പരാതിപ്പെട്ടിട്ടുപോലും അനങ്ങാതിരുന്ന നിങ്ങളുടെ പോലീസുകാർ ഇതിന് ഉത്തരം പറയണ്ടേ? ഞങ്ങളൊക്കെ അറിയുന്നത് രണ്ട് ദിവസം മുൻപ് പത്രത്തിൽ വന്നപ്പോഴാണ്. പ്രൊഫ. മീനാക്ഷി തമ്പാൻ ഉന്നയിച്ചപ്പോഴാണ് അതിനു മുൻപ് ഞങ്ങൾക്കറിയാൻ യാതൊരു മാർഗ്ഗവുമില്ല. നിങ്ങൾ എന്തുകൊണ്ട് അറിഞ്ഞില്ല.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചിലപ്പോൾ ചില സ്ഥലത്തുനിന്ന് കൊച്ചു ചെയ്യുമ്പോഴാണ് യഥാർത്ഥ ആൻറണി പുറത്തുവരുന്നതെന്ന് തോന്നുന്നു. അല്ലാത്ത സമയമൊക്കെ വളരെ സൗമ്യനും വളരെ മൃദുവായി പറയുന്നതുമായ ആളാണെങ്കിലും ചിലപ്പോൾ ചില സ്ഥലത്ത് ഒന്നു തൊട്ടാൽ യഥാർത്ഥ ആൻറണി പുറത്തുവരും. ആ ആൻറണിയെയാണ് മുൻപ് പുറത്തുവന്നപ്പോൾ ഞങ്ങൾ ആക്ഷേപിച്ചത്. ഇവിടെ നടന്ന സംഭവം മനുഷ്യനും ദൈവത്തിനും പൊറുക്കാൻ കഴിയുന്നതാണോ? ഒരു കൊച്ചുകുട്ടിയെക്കൊണ്ട്, നടന്ന് ചെയ്ത കാര്യങ്ങളൊക്കെ ആർക്കെങ്കിലും പൊറുക്കാൻ കഴിയുന്നതാണോ? അതിന് എന്ത് നടപടിയാണ് എടുത്തത്? ആറുപേരെ അറസ്റ്റ് ചെയ്തുകൊണ്ട് എന്തെങ്കിലും നടപടിയായില്ലല്ലോ. അവിടെ ആദ്യം അറസ്റ്റ് ചെയ്ത കണ്ടക്ടർ രാജു അയാൾ ജാമ്യത്തിൽ എങ്ങനെയാണ് പോയത്? അയാളെ ജാമ്യത്തിൽ വിട്ടത് ആരാണ്? അവർ പോലീസാണെങ്കിൽ ആദ്യമേ അവരെ അറസ്റ്റ് ചെയ്ത് അകത്ത് ഇടേണ്ടേ? അങ്ങ് എത്ര ഗംഭീരമായി അലറിയാലും ഈ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

അതൊന്നും ചെയ്യുകയില്ല. അങ്ങ് മലയാള മനോരമ പത്രം വായിക്കാറുണ്ടല്ലോ ? അതിനകത്ത് അടുത്ത ദിവസം കണ്ണൻ എന്ന ആൾ എഴുതിയത് ഞാൻ വായിച്ചു. മുഖ്യമന്ത്രിയുടെ അറിവിലേക്ക് എന്നുപറഞ്ഞ് കണ്ണൻ രണ്ട് കേസ് അവതരിപ്പിക്കുന്നു. അങ്ങനെയുള്ള എത്ര കേസുകളാണ് നമ്മുടെ പത്രക്കാർ അവതരിപ്പിക്കുന്നത് ? ഈ കാര്യത്തെക്കുറിച്ച് പത്രങ്ങളൊക്കെ വാസ്തവത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് കഴിഞ്ഞ ശനിയാഴ്ചയാണ്. ഒരു പക്ഷെ ഈ സംഭവം വെള്ളിയാഴ്ച നടന്നുകാണും. ശനിയും ഞായറും സഭയില്ലായിരുന്നു. ഞങ്ങൾക്ക് ഗുരുതരമായ ഈ സംഭവത്തെക്കുറിച്ച് ഉന്നയിക്കാൻ സമയമില്ലായിരുന്നു. ഇപ്പോൾ ആദ്യം കിട്ടിയ അവസരം ഞങ്ങൾ ഉപയോഗിക്കുന്നു. ഇവിടെ എല്ലാവർക്കും അതിനെപ്പറ്റി ചർച്ച ചെയ്യണമെന്നുണ്ട്. ചർച്ച ചെയ്യാൻ എന്തുകൊണ്ട് മടി കാണിക്കുന്നു ? ഇവിടത്തെ പോലീസെന്നു പറയുന്നത് ഇപ്പോൾ വളരെയധികം നിയന്ത്രണങ്ങൾക്ക് വിധേയമാണ്. അത് അങ്ങയുടെയല്ല, വേറെ ആരുടെയൊക്കെയോ നിയന്ത്രണത്തിലാണ്. ആരോ അങ്ങയെ തൊടാൻ ശ്രമിക്കുമ്പോൾ വേറെ ആരോ അങ്ങയെ താക്കീതു ചെയ്യുന്നു. അതൊക്കെ ഞങ്ങൾക്കൊക്കെ അറിയില്ലേ ? ഞങ്ങളൊക്കെ പത്രം വായിക്കുന്നില്ലേ ? അതുമായി പൊരുത്തപ്പെടാനല്ലേ അങ്ങ് ശ്രമിക്കുന്നത്. അതുകൊണ്ട് ഇത്തരം ഗുരുതരമായ ഒരു കുറ്റം സംബന്ധിച്ച്, നമ്മുടെ രാജ്യത്തിലെ സ്ത്രീത്വത്തെ ആകെ അപമാനിച്ച ഒരു സംഭവം സംബന്ധിച്ച് ഒരു കൊച്ചുകുട്ടിയെ ചവിട്ടി തേച്ച് ശത്രുവിന്റെ സ്ത്രീത്വത്തെ ആകെ നശിപ്പിച്ച ഈ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യാനുള്ള സന്നദ്ധത ബഹുമാനപ്പെട്ട ഗവൺമെന്റും മുഖ്യമന്ത്രിയും പ്രകടിപ്പിക്കാത്തതിൽ എനിക്ക് വളരെ ദുഃഖമുണ്ട്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. എസ്. ശ്രീനിവാസനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ സി. ഷൺമുഖദാസ് : സർ, മുൻപൊരിക്കലുമില്ലാത്ത വികാരത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിച്ചു. അതിന്റെ അർത്ഥം, അദ്ദേഹം പ്രകടിപ്പിച്ച വികാരം, അപ്പുറത്തുള്ള അംഗങ്ങളുടെ സബ്മിഷൻ അവതരിപ്പിക്കാനുള്ള ശ്രമം ഇതൊക്കെ നോക്കിയാൽ ചർച്ചയ്ക്ക് പറ്റിയ ഒരു വിഷയമാണ്. ഇവിടെ ഒരു പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് അറിയണം. അങ്ങ് പോലീസിനെ നിയന്ത്രിക്കുന്നുണ്ടോ ? അങ്ങ് വിചാരിച്ചാൽ നിയന്ത്രിക്കാൻ കഴിയുന്നതാണോ കേരളത്തിലെ പോലീസ്. പോലീസുകാരെ നിയന്ത്രിക്കുന്നതിന് രണ്ട് ആയുധങ്ങളുണ്ട്. അതിലൊന്ന് സസ്പെൻഷനും നടപടിയും. അതിനേക്കാൾ ഗൗരവമുള്ളതാണ് ട്രാൻസ്ഫറും പ്രൊമോഷനും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോലീസിന്റെ ട്രാൻസ്ഫർ നടത്തുന്നത് എവിടെ വച്ചാണ് ? പണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മകൻ പറയുന്നത് കേൾക്കുമെന്നുള്ള ഒരു പരാതിയുണ്ടായിരുന്നു. പക്ഷേ മകനോട് ചോദിക്കുമെന്നുള്ള പരാതിയുണ്ടായിരുന്നില്ല. ഇവിടെ ഇന്നത്തെ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര മന്ത്രിയെന്നുള്ള രീതിയിൽ ട്രാൻസ്ഫറും പ്രൊമോഷനും മുഴുവനും നടത്തുന്നതിന് മറ്റൊരു രാഷ്ട്രീയ സങ്കേതമുണ്ട്. ആ രാഷ്ട്രീയ സങ്കേതമാണ് ഈ കേസിലെ കുറ്റവാളികൾ ഒരു ചർച്ച നടന്നാൽ ഒരു വർഷക്കാലത്തെ പോലീസ് ഭരണത്തിന്റെ മുഴുവൻ പൊള്ളയും ഞങ്ങൾ ഇവിടെ അവതരിപ്പിക്കും. ആരാണ് പോലീസിനെ നിയന്ത്രിക്കുന്നതെന്ന് ഞങ്ങൾ ഇവിടെ ബോദ്ധ്യപ്പെടുത്തും.

LIBRARY ARCHIVES Kerala Legislative Assembly

സമയമുണ്ടോ ? സമയമുണ്ടെങ്കിൽ ചർച്ച ചെയ്യാം. നമുക്ക് ബഡ്ജറ്റ് ചർച്ചയിൽ പറഞ്ഞുകൂടെ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചില്ലേ, നിങ്ങൾക്ക് ഇത്ര ദിവസം അടിയന്തിര പ്രമേയത്തിനുവേണ്ടി വന്നില്ലേ എന്ന്. കഴിഞ്ഞ 12-ാം തീയതി ശ്രീ. കബീറും പ്രൊഫസർ മീനാക്ഷി തമ്പാനും മുഴുവനും ഇവിടെ സംസാരിച്ചത് അതാണ്. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ഇവിടെ അടിയന്തിരപ്രമേയം 18-ാം തീയതി വരെയായിട്ട് കൊണ്ടുവന്നില്ല, നിങ്ങൾ എവിടെയായിരുന്നു. എന്നാണ്. അപ്പോൾ നിങ്ങളുടെ ഭാഗത്തിന് മറുപടിയായല്ലോ. ഞാൻ ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. ശ്രീ. കബീറിനേറെയും മീനാക്ഷി തമ്പാനേറെയും ബഡ്ജറ്റ് പ്രസംഗത്തിന്റെ രേഖ എടുത്തുപരിശോധിക്കുകയാണെങ്കിൽ കഴിഞ്ഞ നാലുദിവസത്തിനും നടപടി വേറെ ഉണ്ടായേനേ. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ അട്ടഹസിക്കുന്നു നിങ്ങൾ എന്താണ് ഇത്ര വൈകിയതെന്ന്. നാളത്തെ പത്രത്തിന് ഹെഡ്ഡിംഗിന് കൊള്ളാമായിരിക്കും ഇത്. പക്ഷേ നടപടിക്ക് പറ്റില്ല. പോലീസിനേയും നിയന്ത്രിക്കാൻ കഴിയുകയില്ല. ഇതു സംബന്ധിച്ച ഒരു ചർച്ചവേണം. ഇന്നലെ ഞാൻ കണ്ടു എന്റെ നിയോജകമണ്ഡലത്തിലെ പെരുവഞ്ഞക്കടവ് പുഴയിൽ പോലീസുകാരും ജനങ്ങളും കൂടിയിരിക്കുന്നു പത്തു മുപ്പത്തി അഞ്ചു വയസ്സായ സ്ത്രീയുടെ ശവം അവിടെ കടക്കുന്നു. രണ്ടു ദിവസമായി പോലീസ് അതിൽ പോസ്റ്റുമോർട്ടം നടത്താൻ നിൽക്കുകയാണ്. ഞാൻ വരുന്നതുവരെ എടുത്തിട്ടില്ല. കേരളത്തിലങ്ങോളമിങ്ങോളം ഇപ്പോൾ നടക്കുന്നതിലൊന്നും പോലീസിന് നടപടയൊന്നും ബാധകമല്ല. പണ്ടൊക്കെ പറഞ്ഞിരുന്നത്, പോലീസ് ഫോഴ്സ് മുഴുവൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും സംരക്ഷണത്തിനൊക്കെ പോകുന്നതു കൊണ്ടാണെന്നാണ്. ഇപ്പോൾ അതിന് കുറവുണ്ടോ ? ഞങ്ങൾ ഇന്നലെ വന്ന ട്രെയിനിന്റെ സ്ഥിതിയെന്താണ് ? പോലീസില്ലാത്ത സ്റ്റേഷനിലെ സ്ഥിതിയെന്താണ് ? ഇവിടെ ക്രിമിനൽ കുറ്റവാളികളെ കണ്ടെത്തലും അത് തടയലുമാണ് പോലീസിന്റെ നടപടിയെങ്കിൽ കേരളത്തിലെ പോലീസിന് അത് രണ്ടാമത്തെ നടപടിയാണ്. ഒന്നാമത്തേത് അതല്ല. അതാണ് ഇവിടത്തെ പ്രശ്നം. കളവ് കേസിൽ പ്രതികളെ കണ്ടെത്തുന്നില്ല. അവിടെയൊക്കെ രാഷ്ട്രീയവും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മാന്യതയുണ്ടായിരുന്നുവെങ്കിൽ ജെ. എസ്. എസ് -ന്റെ പ്രവർത്തകനായിരുന്നുവെന്ന് പറയാൻ എന്താണ് മടിക്കുന്നത് ? ജെ. എസ്. എസ്-ന്റെ പ്രവർത്തകനായ അഡ്വക്കേറ്റിന്റെ പേര് പറയാൻ എന്താണ് മടിച്ചത് ? അത് എന്താണ് മറച്ചുവയ്ക്കുന്നത് ? അത് പുറത്തുപറഞ്ഞുകൂടേ ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കുന്നില്ല. അദ്ദേഹത്തിന്റെ എല്ലാ നടപടിയും യാന്ത്രികമാണ്. ആ നടപടിയിൽ ആളുകളെ കബളിപ്പിക്കാമെന്നാണ് ധരിക്കുന്നത്. കാലം മാറിപ്പോയി. നടക്കുകയില്ല. ഇവിടെ ചർച്ച നടക്കുമെങ്കിൽ ഇനിയെങ്കിലും കേരളത്തിലെ ക്രൂരകൃത്യം അവസാനിപ്പിക്കാൻ കഴിയും. നമ്മുടെ സഹോദരിമാർക്കെതിരായി വരുന്ന ക്രൂരകൃത്യങ്ങൾ അവസാനിപ്പിക്കണമെങ്കിൽ ബഡ്ജറ്റ് ചർച്ചയിലെ പ്രസംഗമൊന്നും അവർക്ക് ഏശുകയില്ല. സഭ നിറുത്തിവച്ച് ചർച്ച ചെയ്താൽ ഡി. ജി. പി. യും അതുപോലെ ആഭ്യന്തര സെക്രട്ടറിയും പോലീസ് ഓഫീസർമാരും ഇവിടെയുണ്ടെങ്കിൽ, ഈ സഭയുടെ വികാരം അവർ കേൾക്കും. അങ്ങ പറഞ്ഞാൽ അങ്ങയുടെ ശബ്ദം കേൾക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ്, വകുപ്പ് നാഥൻ ഇല്ലാത്ത കളരിയാണ്. ഈ സഭയ്ക്ക് അവരെ നിയന്ത്രിക്കാൻ കഴിയണം. ഈ സഭയുടെ നിയന്ത്രണത്തിനുള്ളിൽ കേരളത്തിലെ പോലീസ് വരുന്നില്ല എങ്കിൽ ജനങ്ങളോട് നമുക്കൊന്നിച്ച് പറയാം. അതിനാണ് ചർച്ച. അതുകൊണ്ട് ഈ ചർച്ച അനുവദിക്കുമെന്ന് ഞാൻ വിചാരിച്ചു. അത് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. ബേബി ജോൺ: സർ, നിർഭാഗ്യകരവും വേദനാജനകവുമായ അതേസമയം വളരെ പൈശാചികവുമായ ഒരു സംഭവമാണ് ഇന്ന് അടിയന്തിര പ്രമേയത്തിൽക്കൂടി അവതരിപ്പിക്കാൻ ശ്രമിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഒരു ചർച്ചയ്ക്ക് അവസരമുണ്ടാക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ നിർഭാഗ്യവശാൽ അതിന് തയ്യാറായില്ല. ഇതിനേക്കാൾ കൂടുതൽ വേദനിപ്പിക്കുന്ന ഒരു കാര്യം, നമ്മുടെ സഹോദരിമാരുടെ ചാരിത്ര്യം കവർന്നെടുത്ത ഒരു കാര്യം, നമ്മുടെ സംസ്കാരത്തിന്റെ മുമ്പിൽ ചോദ്യചിഹ്നമായി ഉയർന്നു. നാം എങ്ങോട്ട്? കാടത്വത്തിലേക്കാണോ നാമെന്ന ചോദ്യചിഹ്നം ഉയർത്തിയിരിക്കുന്ന ഒരു പ്രശ്നം സംബന്ധിച്ച് നമുക്ക് പൊതുവായ ഒരു സമീപനമുണ്ടാക്കാൻ ഒരു ചർച്ച നടത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ പല നിർദ്ദേശങ്ങളും പല ഭാഗത്തുനിന്നും വരുമായിരുന്നല്ലോ. അദ്ദേഹം വികാരരഹിതനായി ഈ കാര്യത്തെക്കുറിച്ച് പറഞ്ഞു. നേരത്തെ ബഹുമാനപ്പെട്ട മീനാക്ഷി തമ്പാൻ ശ്രീ. ജയരാജന്റെ പ്രശ്നമുന്നയിച്ചപ്പോൾ അദ്ദേഹം സ്വീകരിച്ച നടപടിയെക്കുറിച്ച് പറഞ്ഞു. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ നിർദ്ദേശമൊക്കെ എന്തുമാത്രം പ്രാവർത്തികമാകുമെന്ന് അങ്ങ് പരിശോധിക്കണം. അവിടെയാണ് പ്രശ്നം. നമുക്ക് നിർദ്ദേശങ്ങളും കൊടുക്കാൻ കഴിയും. പക്ഷേ ആ നിർദ്ദേശം എന്തുമാത്രം പ്രാവർത്തികമാക്കാൻ കഴിയുന്നു എന്നുള്ളതാണ് നാം ആലോചിക്കണം. കഴിഞ്ഞ പ്രാവശ്യം അങ്ങ് ഒരു പ്രശ്നത്തെക്കുറിച്ച്.....ഞാൻ ഓർക്കുന്നില്ല. അതിന്റെ വിശദാംശം അങ്ങ് ഇവിടെ പറഞ്ഞല്ലോ. മനുഷ്യാവകാശ സമിതിയുടെ നിർദ്ദേശം അവരെക്കൂടി അറിയിക്കും, അവരുടെകൂടെ അഭിപ്രായമെടുത്തുകൊണ്ട് ആണ് ചെയ്യുന്നതെന്ന് പറഞ്ഞല്ലോ. ഈ സംഭവത്തെ സംബന്ധിച്ച് മനുഷ്യാവകാശ സമിതിയുടെ ഒരു പ്രസ്താവന ഇന്നത്തെ പത്രത്തിൽ വായിച്ചു. പോലീസ് നിഷ്പക്ഷമായ രീതിയിൽ അന്വേഷണം നടത്താൻ പൈമുഖ്യം പ്രകടിപ്പിക്കുന്നുവെന്നാണ് ഈ സമിതി പറഞ്ഞത്. ഏത് പത്രമാണെന്ന് ഞാൻ ഓർക്കുന്നില്ല. നിഷ്പക്ഷമായ രീതിയിൽ അന്വേഷണം നടത്താൻ പൈമുഖ്യം പ്രകടിപ്പിക്കുന്നുവെന്നാണ് മനുഷ്യാവകാശ കമ്മീഷൻ സമിതി പറഞ്ഞിരിക്കുന്നത്. ഇത് മലയാള മനോരമയിലാണോ കേരള കൗമുദിയിലാണോയെന്ന് ഞാൻ ഓർക്കുന്നില്ല. ഇന്ന് രാവിലെ ഞാൻ വായിച്ചതാണ്. മനുഷ്യാവകാശ സമിതിയെ ബഹുമാനിക്കുന്ന അങ്ങ് ഈ സംഭവത്തെ സംബന്ധിച്ച് ആ മനുഷ്യാവകാശ സമിതിയുടെ അഭിപ്രായം അതാണോയെന്ന് മനസ്സിലാക്കണം. നമ്മൾ അതിനെക്കുറിച്ച് സ്വയം ഒരു വിമർശനം നടത്തണം. നമ്മുടെ സംസ്ഥാനത്ത് കുറ്റകൃത്യവും, സ്ത്രീപീഡനവും, ബലാൽസംഗവും, കവർച്ചയും അതിനോടനുബന്ധിച്ചുള്ള കൊലപാതകവും പെരുകിവരികയല്ലേ? ഒരു വലിയ സംസ്കാരം ഉണ്ടെന്ന്. അവകാശപ്പെടുന്ന നമ്മൾ എങ്ങോട്ട്? സ്ത്രീകൾക്ക് ഏതു നേരവും ഒറ്റയ്ക്കു നടന്നുപോകാമെന്ന് പേരുകേട്ട സംസ്ഥാനമാണ്

LIBRARY ARCHIVES Kerala Legislative Assembly

കേരളം. ഇന്നിതെവിടെ ചെന്നു നിൽക്കുന്നു ? എങ്ങോട്ടാണ് ഈ 'പോക്ക്' എന്ന് ആലോചിക്കണം. ഓരോ സംഭവത്തെക്കുറിച്ചും ഞാൻ പറയുന്നില്ല. നമ്മളം വിനോദസഞ്ചാരം പ്രോൽസാഹിപ്പിക്കുന്നു. പക്ഷെ വിദേശ വനിതകൾക്കിവിടെ വരാൻ കഴിയുന്നില്ല. പ്രദേശത്താകെ 4-5 ജഡങ്ങൾ അനാഥമായിട്ട് കിടക്കുന്നത് വളരെ ഗൗരവമായിട്ടുള്ള കാര്യമായതുകൊണ്ട് പറയുകയാണ് ? അങ്ങനെയുള്ള കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുന്നില്ല. പിന്നെ ഏത് കാര്യത്തെക്കുറിച്ച് അന്വേഷിക്കാനാണ് തയ്യാറാകുന്നത്. എന്നെ മാനസികമായി പ്രയാസപ്പെടുത്തിയത് മുഖ്യമന്ത്രിയുടെ പ്രസ്താവനയാണ്. ബാക്ക് ബഞ്ചിൽനിന്നും ഇതിനെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ എനിക്ക് മനസ്സിലാകുമായിരുന്നു. പക്ഷെ മുഖ്യമന്ത്രിയെപ്പോലെ ഒരാളെ നിങ്ങൾ ഇതുവരെ എവിടെയായിരുന്നുവെന്നു പറഞ്ഞ് മുഖ്യമന്ത്രിക്ക് ഈ പ്രശ്നത്തോടുള്ള സമീപനത്തെയല്ലേ വ്യക്തമാക്കുന്നത്. അങ്ങ് ഇത് പരിശോധിക്കണം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ബാക്ക് ബഞ്ചിൽനിന്നായിരുന്നുവെങ്കിൽ മനസ്സിലാക്കാമായിരുന്നു. പക്ഷെ ഇത്രയും പൈശാചികമായ ഈ സംഭവത്തെക്കുറിച്ച് നിങ്ങൾ ഇതയും ദിവസം എവിടെയായിരുന്നുവെന്ന് മുഖ്യമന്ത്രി ചോദിച്ചത് പിന്നിൽ നിന്നുള്ള ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന് ഞാൻ ചോദിക്കുകയാണ്. ഈ സംഭവം നടന്നിട്ട് 40 ദിവസമായിയെന്നു പറയുന്നു. ഞങ്ങൾക്ക് അപ്പോൾ വിവരങ്ങൾ കിട്ടാനുള്ള സംവിധാനമില്ല. പക്ഷെ കുട്ടിയുടെ അച്ഛൻ പോലീസിനെ ഉടനെ വിവരം അറിയിച്ചു എന്നാണ് ഞാൻ മനസിലാക്കുന്നത്. എന്നിട്ട് പോലീസ് എന്തു നടപടി സ്വീകരിച്ചുവെന്ന് നിങ്ങൾ ആലോചിക്കണ്ടേ. 40 ദിവസമായിട്ട് എന്നാണ് നടപടി സ്വീകരിച്ചത്. അവിടെ പ്രക്ഷോഭവും പോലീസ് സ്റ്റേഷനു മുന്നിൽ ധർണ്ണയുമെല്ലാം നടന്നതിനുശേഷമാണ് അനങ്ങാൻ തുടങ്ങിയത്. എത്ര സത്യമുണ്ടെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട ശ്രീനിവാസൻ പറഞ്ഞത് പത്രങ്ങളിൽ വന്ന വാർത്തയാണ്. അതിന് മുഖ്യപ്രതിയെന്ന് പോലീസ് കരുതിയ ഒരാളെ ആദ്യം അറസ്റ്റ് ചെയ്തു. എന്നിട്ട് ജാമ്യത്തിൽ വിട്ടുവെന്നാണ് കേൾക്കുന്നത്. അതിനെക്കുറിച്ച് അങ്ങ് അന്വേഷിക്കണം. ഇതിൽ എത്ര ശരിയുണ്ടെന്ന് എനിക്കറിയില്ല. ഇവിടെ പത്രവാർത്ത വന്നതാണ്. അപ്പോൾ മുഖ്യമന്ത്രിതന്നെ അതിനെ രാഷ്ട്രീയവൽക്കരിക്കത്തക്ക രീതിയിൽ വളരെ മോശപ്പെട്ട ഒരു സമീപനം സ്വീകരിച്ചത് ദുഃഖകരമാണ്. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. അങ്ങ് ഇത് പറയരുതായിരുന്നു. ഞങ്ങൾ എന്തു ചെയ്തുവെന്നു ചോദിച്ചാൽ ഞങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ പറഞ്ഞു. പ്രതിപക്ഷത്തുനിന്നും ആരെങ്കിലും എന്തെങ്കിലും പറഞ്ഞോയെന്നു ചോദിച്ചാൽ എനിക്ക് കിട്ടിയ വിവരം പ്രൊഫസർ മീനാക്ഷി തമ്പാനും ബഹുമാനപ്പെട്ട വി സി. കബീറും ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. പക്ഷെ ആ ശബ്ദമൊക്കെ അലിഞ്ഞുപോയിക്കാണും. പറഞ്ഞോ ഇല്ലയോയെന്നുള്ളതല്ല പ്രശ്നം. ഉന്നയിച്ചിരിക്കുന്ന പ്രശ്നം ഗൗരവമുള്ളതാണ്. ഉന്നയിച്ചിരിക്കുന്ന പ്രശ്നം പെൺകുട്ടിയുടെ മാത്രമാണോ, ഈ സംസ്ഥാനത്തിന്റെ പൊതുപ്രശ്നമല്ലേ, ഈ സംസ്ഥാനത്തിന്റെ അഭിമാനത്തെ ചോദ്യം ചെയ്യുന്നതല്ലേ, ഈ സംസ്ഥാനത്ത് വളർന്നു വരുന്ന ക്രിമിനൽ ശക്തികളെയും അതിന് കൂട്ടുനിൽക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തെയും, പോലീസിനെയും നാം കാണണ്ടേ ? തിരുവനന്തപുരത്തു മാത്രമായിട്ട് ഇതെല്ലാം ചെയ്തുവെന്നാണോ വിചാരിക്കുന്നത്. ഈ സംസ്ഥാനത്ത് വളർന്നുവരുന്ന ഈ പ്രത്യേക കാര്യങ്ങളിൽ, ക്രിമിനൽ രാഷ്ട്രീയത്തിന് പോലീസിലും ഗവൺമെന്റിലുമുള്ള സ്വാധീനം, ഈ ശക്തികൾ കൂടിച്ചേർന്ന് നാം നേടിയെടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ആ മഹത്തായ സംസ്കാരം താറുമാറാക്കുന്നു. അതല്ലേ ഇവിടെ നടക്കുന്നത്. പെൺവാണിഭം, അരുംകൊല, ഇതിനേക്കാൾ ഗൗരവമുള്ള കാര്യമുണ്ടോയെന്നു ഞാൻ ചോദിക്കുകയാണ്. സംസ്ഥാനത്തിന്റെ ഈ പോക്കിൽ അങ്ങ് ദുഃഖിക്കുന്നില്ലേ? അതുകൊണ്ട് ഈ പ്രശ്നം വളരെ ഗൗരവമായിട്ടു കാണണം. നിങ്ങൾ എന്തു ചെയ്തുവെന്ന് ചോദിക്കുന്നതിനെക്കാൾ നമുക്ക് എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. നമ്മുടെ പോലീസിന് എന്ത് ചെയ്യാൻ കഴിഞ്ഞു? നമ്മുടെ പോലീസ് എന്നു പറയാൻ ഞാൻ തയ്യാറാണ്. കാരണം പോലീസ് ആരുടെയും പ്രത്യേകവകുപ്പല്ല. നമ്മുടെ രാജ്യത്ത് കുറ്റകൃത്യം തടയുന്നതിന്, സ്ത്രീപീഡനം തടയുന്നതിന് ശ്രമിക്കുന്ന രാഷ്ട്രീയക്കാർ ഒരു പക്ഷത്ത് അതിനെ പ്രോൽസാഹിപ്പിക്കുന്ന രാഷ്ട്രീയക്കാർ മറുപക്ഷത്ത്, ഇങ്ങനെ ഇതിനെ വഷളാക്കുന്ന രീതിയിലേക്ക് പോകുന്ന സാഹചര്യത്തിൽ ഇപ്പോൾ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെ എന്നാണ് ചർച്ച ചെയ്യുന്നത്? അതുകൊണ്ടാണ് ഞാൻ പറയുന്നത് അങ്ങ് ഈ സന്ദർഭത്തിൽ പറഞ്ഞത് യോജിച്ചതായിരുന്നില്ല. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായിട്ട് കണക്കിലെടുത്തുകൊണ്ട് ഒരു വിഭാഗം പോലീസും, ഒരു വിഭാഗം ക്രിമിനൽസും കൂടി ഈ നാട്ടിനെ താറുമാറാക്കാൻ ശ്രമിക്കുന്നത് ചർച്ച ചെയ്ത് പരിഹാരം കണാൻ കഴിയണം. ഇത്ര ഗൗരവമായിട്ടുള്ള കാര്യം ചർച്ച ചെയ്യാൻ പോലും തയ്യാറാകാതെ ഒരു വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വേണ്ടതെല്ലാം ചെയ്യുന്നുവെന്ന് അവകാശപ്പെടുന്നതുകൊണ്ട് സഭാനടപടികളം നിർത്തിവെച്ചു ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങി പോകുന്നു.

(ശ്രീ. ബേബിജോണും, അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളെ കുറ്റപ്പെടുത്താനായിട്ട് ശ്രമിച്ചത് ഒഴിവാക്കാമായിരുന്നു. അത് നല്ലൊരു സമീപനമല്ല. പ്രത്യേകിച്ച് പറയാത്ത വസ്തുതയുടെ അടിസ്ഥാനത്തിൽ, അദ്ദേഹം പറഞ്ഞത് തെറ്റാണ്. ഇത് എത്ര ദിവസമായിട്ട് നടന്ന സംഭവമാണ്. അദ്ദേഹത്തിന്റെ പോലീസ് നടപടിയെടുത്തോ? അദ്ദേഹത്തിന്റെ പോലീസ് രണ്ട് മൂന്ന് ദിവസം മുമ്പ് നടപടിയെടുത്തുയെന്നല്ലാതെ അതിനുമുമ്പ് വല്ല നടപടിയും എടുത്തോ? ഇതിനു മുമ്പുതന്നെ ഒന്നു രണ്ടംഗങ്ങൾ ഈ സഭയിൽ ഈ കാര്യം പറഞ്ഞതാണ്. ഇത് ആര് നേരത്തെ പറഞ്ഞു, ആര് പിന്നീട് പറഞ്ഞുവെന്ന് ഒരു മത്സര ബുദ്ധിയോടുകൂടി കാര്യങ്ങളെ സമീപിക്കുന്നത് ഒട്ടുംതന്നെ നല്ലതല്ല. കഴിഞ്ഞ 5 കൊല്ലത്തെ കണക്ക് എടുത്തുനോക്കിയാൽ ദുർബലവിഭാഗങ്ങൾക്കുനേരെയുള്ള അക്രമങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്ന് കാണാൻ സാധിക്കും. പട്ടികജാതി പട്ടികവർഗ്ഗക്കാരായ കുട്ടികളുടെ നേരെയുള്ള ക്രൂരമായ അക്രമങ്ങൾ വർദ്ധിച്ചിട്ടുണ്ട്. ഇന്ന് ഓരോ ദിവസത്തെയും പത്രങ്ങളെടുത്തുനോക്കിയാൽ ആദ്യം കാണുന്നത് റോഡ് അപകടങ്ങളും ദുർബല വിഭാഗങ്ങൾക്കുനേരെയുള്ള അക്രമങ്ങളുമാണ്. എന്തുകൊണ്ടാണ് ഇത് ഇത്രയധികം വർദ്ധിച്ചുവരുന്നത്. ഇത് രണ്ടിനുമെതിരായിട്ട് നടപടിയെടുക്കാൻ സാധിക്കുന്നില്ല. പ്രത്യേകിച്ച് ദുർബല വിഭാഗങ്ങൾക്കു നേരെയുള്ള അക്രമങ്ങൾക്കെതിരെ നടപടിയെടുക്കാൻ സാധിക്കുന്നില്ല. മനുഷ്യാവകാശ കമ്മീഷൻ ചെയർമാനും മുൻ സുപ്രീംകോടതി ജഡ്ജിയുമായിരുന്ന ശ്രീ. രംഗനാഥമിശ്ര എല്ലാ മുഖ്യമന്ത്രിമാർക്കും ഈ കാര്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് എഴുതിയിട്ടുണ്ടെന്ന് പത്രങ്ങളിൽ കണ്ടു. വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ നടപടി എടുക്കുന്നതിനുപരിയായി ഈ അക്രമങ്ങൾ തടയാനായിട്ടുള്ള നടപടി എടുക്കണമെന്ന് അദ്ദേഹം ആവർത്തിച്ച് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ നിർദ്ദേശങ്ങളുടെ ആവശ്യമുണ്ടോ ? ഒരു ഗവൺമെൻറ് സ്വയം ചെയ്യേണ്ട കാര്യങ്ങളല്ലേയിത്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ പോലീസ് വളരെ ദുർബലമായിരിക്കുന്നു, സ്വയം പ്രവർത്തിക്കാനുള്ള ശക്തിയില്ലാതായിരിക്കുന്നു. കോൺഗ്രസിന്റെ ഗ്രൂപ്പ് ഏതാണെന്ന് നോക്കി പ്രവർത്തിക്കേണ്ട ഒരു സാഹചര്യം പോലീസിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ട് പോലീസ് നിർജീവമായിരിക്കുന്നു. അതുകൊണ്ടാണ് കുറുവാളികൾക്കെതിരെ പോലും പോലീസ് നടപടി എടുക്കാത്തത്. ഇതില്ലാതാക്കാനുള്ള നടപടി പോലീസിന്റെ കൈയിലില്ല. ഏറ്റവും പ്രധാനമായിട്ടുള്ളത് ഇത് നടക്കാതിരിക്കുകയെന്നുള്ളതാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കും ദുർബല വിഭാഗങ്ങൾക്കും നടക്കാൻ സാധിക്കുന്നില്ലയെന്നുള്ള സ്ഥിതിയുണ്ടായിരിക്കുന്നു. വെളുപ്പിന് 4-5 മണിക്ക് നമ്മുടെ സ്ത്രീകൾ ക്ഷേത്രങ്ങളിലും മറ്റ് ആരാധനാലയങ്ങളിലും ഒറ്റയ്ക്ക് നടന്നുപോകുന്ന കാഴ്ച കാണാൻ സാധിച്ചിരുന്നുവെങ്കിൽ ? ഇന്ന് ആ കാഴ്ച കാണാനായിട്ട് സാധിക്കുന്നില്ല. പോലീസിലുള്ള വിശ്വാസം ദുർബല വിഭാഗങ്ങൾക്കില്ലാതായിരിക്കുന്നുവെന്നതാണ് ഇതിൽനിന്നും മനസിലാകുന്നത്. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. ആ ചർച്ച ചെയ്യുകയില്ല എന്നുള്ള മുഖ്യമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ടി. തോമസ് : ആ പെൺകുട്ടിയുടെ പേര് ഔദ്യോഗിക രേഖയിലുണ്ടാകാൻ പാടില്ല.

IV ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള ഒഴിവുകൾ നികത്തേണ്ടതിനേറെയും പി. എസ്. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിനേറെയും ആവശ്യകത

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരെ ബാധിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. സഭയിൽ ഈ വിഷയം പലതവണ ചർച്ച ചെയ്തിട്ടുള്ളതും പലപ്പോഴും വികാരങ്ങൾ ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളതുമാണ്. ഈ വിഷയം പലതവണ അവതരിപ്പിച്ചിട്ടും തൃപ്തികരമായ ഒരു മറുപടി പലപ്പോഴും ഗവൺമെൻറിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല എന്നത് യാഥാർത്ഥ്യമാണ്. ഈ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ നടപടി സ്വീകരിച്ചുവെന്ന

LIBRARY ARCHIVES Kerala Legislative Assembly